بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد
وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 23

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ആഗസ്റ്റ് 11 /ഹി:ശം:1395 ളുഹൂർ 11/ഹി:ഖ: 1437 ദുൽഖഅ്ദ് 07

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂലായ് 8ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു 8എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**ആർക്കാണോ ദുഃഖവും വിഷമവും ഉണ്ടാകുന്നത് അവർ നിർഭാഗ്യരാണെന്ന് മനസ്സിലാക്കരുത്. അല്ല, ദൈവം അവരെ സ്നേഹിക്കുന്നു. മുറിവ് മരുന്നുവെച്ച് കെട്ടുന്നതിനു മുമ്പേ കീറി ശരിയാക്കേണ്ടതും ഓപ്പറേഷൻ ചെയ്യേണ്ടതും അത്യാവശ്യമാണെന്നപോലെ! പരീക്ഷണങ്ങളിൽതന്നെയാണ് ദുആകളുടെ അത്യപൂർവ്വമായ പ്രത്യേകതകളും സ്വാധീനവും വെളിവാകുന്നത്. നമ്മുടെ ദൈവം പ്രാർഥനകളിലൂടെ തിരിച്ചറിയപ്പെടുന്നു എന്നതാണ് സത്യം.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ മനുഷ്യനെ ഒരൊറ്റ അവസ്ഥയിൽ വെക്കുവാൻ സാധിക്കുന്നതായിരുന്നു. എന്നാൽ, അതിൽ അത്യപൂർവ്വമായിട്ടുള്ള കാലങ്ങളും അവസ്ഥകളും വന്നുകൊണ്ടിരിക്കുന്ന ചില നന്മകളും കാര്യങ്ങളുമുണ്ട്. അതിലൊന്നാണ് ദുഃഖത്തിന്റേയും വിഷമത്തിന്റേയും അവസ്ഥ. ഈ വിഭിന്നമായ അവസ്ഥകളും സമയങ്ങളുടെ മാറ്റങ്ങളും പരിവർത്തനങ്ങളുംകൊണ്ട് അല്ലാഹുവിന്റെ അത്യപൂർവ്വമായ ശക്തിപ്രഭാവങ്ങളും രഹസ്യങ്ങളും വെളിവാകുന്നു.

ഈ ലോകത്ത് ദുഃഖവും വിഷമവും ഉണ്ടാകാത്ത ആളുകൾ തങ്ങളെ വലിയ ഭാഗ്യവാന്മാരും സന്തോഷവാന്മാരുമായിട്ടാണ് മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ ഒരുപാട് രഹസ്യങ്ങളിൽനിന്നും യാഥാർഥ്യങ്ങളിൽനിന്നും അജ്ഞരും പരിചയമില്ലാത്തവരുമാണവർ. ഇതിനുള്ള ഉദാഹരണമെന്താണെന്നുവെച്ചാൽ സ്കൂളുകളിൽ വിദ്യാഭ്യാസത്തോടൊപ്പം ഒരു പ്രത്യേക സമയംവരെ ആൺകുട്ടികൾക്ക് വ്യായാമത്തിനുള്ള സമയവും നിർബന്ധമായും വെക്കപ്പെട്ടിരിക്കുന്നു. ഈ പഠിപ്പിക്കുന്ന വ്യായാമവും നിയമങ്ങൾ തുടങ്ങിയവയുംകൊണ്ട് ഓഫീസർമാരുടെ ഉദ്ദേശ്യം അവരെ ഏതെങ്കിലും യുദ്ധത്തിന് തയ്യാറാക്കുക എന്നതല്ല. അത് സമയം പാഴാക്കാനുമായിരിക്കുകയില്ല. ആൺകുട്ടികളുടെ സമയം കളിതമാശയ്ക്കായി നല്കപ്പെടുന്നു. അതിനു കാരണം ശാരീരികാവയവങ്ങൾ ചലനങ്ങൾ ആഗ്രഹിക്കുന്നവയാണെന്നതാണ്. അതിനെ വെറുതെവിടുകയാണെങ്കിൽ അവയ്ക്കുള്ള ശക്തികൾ മാഞ്ഞുപോകുകയും പാഴായിപോവുകയും ചെയ്യുന്നതാണ്. അവയെ പൂർത്തിയാക്കി നിലനിറുത്തുന്നത് ഇപ്പറഞ്ഞതുപോലെയാണ്. ബാഹ്യമായി നോക്കുമ്പോൾ വ്യായാമം ചെയ്യുന്നതുകൊണ്ട് അവയവങ്ങൾക്ക് ബുദ്ധിമുട്ടും ഒരുപരിധിവരെ ക്ഷീണവുമുണ്ടാകുന്നു. എങ്കിലും അത് ആരോഗ്യത്തിന് കാരണമായിട്ട് സ്ഥാപിതമാകുന്നു. ഇപ്രകാരം സമ്പൂർത്തീകരണത്തിനുവേണ്ടി ബുദ്ധിമുട്ടുകൾ ആഗ്രഹിക്കുംവിധമാണ് നമ്മുടെ പ്രകൃതി ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അല്ലാഹുവിന്റെ കൃപാകടാക്ഷവും ഔദാര്യവുംതന്നെയാണ് മനുഷ്യനെ ചില ഘട്ടങ്ങളിൽ പരീക്ഷണങ്ങളിൽ അകപ്പെടുത്തുന്നത്. ഇതുമുഖേന അവന്റെ ദൈവവിധിയോടുള്ള ഇഷ്ടവും സഹനത്തിന്റെ ശക്തികളും വർധിക്കുന്നു. ദൈവത്തിൽ വിശ്വാസമില്ലാത്തവന്റെ അവസ്ഥ അല്പം ബുദ്ധിമുട്ടുണ്ടായാൽത്തന്നെ അവൻ പരിഭ്രമിച്ചുപോകുന്നു എന്നതാണ്. അവൻ ആത്മഹത്യയിലാണ് സുഖം കണ്ടെത്തുന്നത്. എന്നാൽ, മനുഷ്യന്റെ സമ്പൂർത്തീകരണവും ശിക്ഷണവും ആഗ്രഹിക്കുന്നത് ഇത്തരത്തിലുള്ള പരീക്ഷണം അവനുണ്ടാകണമെന്നാണ്. അല്ലാഹുവിലുള്ള അവന്റെ വിശ്വാസം വർധിക്കുന്നതിനുവേണ്ടിയാണത്. അല്ലാഹു സർവ്വശക്തനാണ്. പക്ഷേ വിഷമവും പരീക്ഷണവും വരാത്തവരുടെ അവസ്ഥ എങ്ങനെയുള്ളതാണെന്ന് നോക്കുക. അവർ തികച്ചും ഭൗതികതയിലും അതിന്റെ ആഗ്രഹങ്ങളിലും മുഴുകിയിരിക്കുന്നു. അവരുടെ തല മേൽപ്പോട്ടുയരുകയില്ല. മറവിയിൽപോലും ദൈവത്തെ അവർക്ക് ഓർമവരികയില്ല. ഇക്കൂട്ടരാണ് ഏറ്റവും ഉന്നതമായ വിശേഷഗുണങ്ങളെ നഷ്ടപ്പെടുത്തിയത്. ഇതു കരസ്ഥമാക്കുന്നതിനു പകരം താഴെക്കിടയിലുള്ള കാര്യങ്ങളാണ് കരസ്ഥമാക്കിയത്. എന്തുകൊണ്ടെന്നാൽ വിശ്വാസത്തിന്റേയും ജ്ഞാനത്തിന്റേയും അഭിവൃദ്ധി അവർക്ക് ഏതെങ്കിലും ധനത്തിലോ സമ്പത്തിലോ ദുനിയാവിലെ ആനന്ദത്തിലോ ഇല്ലാത്ത സുഖത്തിനും ശാന്തിക്കുമുള്ള സാഹചര്യമൊരുക്കണം. എന്നാൽ, ഖേദകരമെന്നു പറയട്ടെ, അവൻ ഒരു കുട്ടിയെപോലെ തീക്കനലിൽ സന്തോഷം കാണുന്നവനാണ്. ആ തീക്കനലിന്റെ ജ്വലനവും അതുണ്ടാക്കിവെക്കുന്നതിന്റെ നഷ്ടവും അവനറിയില്ല. പക്ഷേ, ആരിലാണോ അല്ലാഹുവിന്റെ കൃപാകടാക്ഷമുണ്ടാകുന്നത്, ആരെയാണോ വിശ്വാസത്തിന്റേയും ദൃഢജ്ഞാനത്തിന്റേയും സമ്പത്തുകൊണ്ട് സമൃദ്ധമാക്കുന്നത് അവരിലാണ് പരീക്ഷണം വരുന്നത്.

തങ്ങളിൽ ഒരു പരീക്ഷണവും വരുന്നില്ല എന്നു പറയുന്നവർ നിർഭാഗ്യരാണ്. അവർ അഹങ്കാരത്തിലും സുഖസൗകര്യത്തിലും ഇരുന്ന് മൃഗങ്ങളുടെ ജീവിതം നയിക്കുന്നവരാണ്. അവർക്ക് നാവുണ്ട്. പക്ഷേ സത്യം പറയാൻ അവർക്ക് സാധിക്കുകയില്ല. അല്ലാഹുവിനുള്ള സ്തുതിയും പ്രകീർത്തനവും അതിലൂടെ പുറപ്പെടുകയില്ല. മറിച്ച് അത് കേവലം പാപത്തിന്റേയും അപരാധത്തിന്റേയും കാര്യങ്ങൾ പറയുന്നതിനും രുചി അനുഭവിച്ചറിയുതിനുംവേണ്ടിയുള്ളതാണ്. അവർക്ക് കണ്ണുകളുണ്ട്. എന്നാൽ, അവർക്ക് ദൈവികപ്രതാപത്തിന്റെ ദൃശ്യങ്ങൾ കാണാൻ സാധ്യമല്ല. അത് ദുഷ്കർമത്തിനു വേണ്ടിയുള്ളതാണ്. പിന്നീട് അവർക്ക് സന്തോഷവും സുഖവും എവിടന്ന് കിട്ടാനാണ്. ആർക്കാണോ ദുഃഖവും വിഷമവും ഉണ്ടാകുന്നത് അവർ നിർഭാഗ്യരാണെന്ന് മനസ്സിലാക്കരുത്. അല്ല, ദൈവം അവരെ സ്നേഹിക്കുന്നു. മുറിവ് മരുന്നുവെച്ച് കെട്ടുന്നതിനു മുമ്പേ കീറിശരിയാക്കേണ്ടതും ഓപ്പറേഷൻ ചെയ്യേണ്ടതും അത്യാവശ്യമാണെന്നപോലെ! ചുരുക്കത്തിൽ ഇത് മനുഷ്യപ്രകൃതിയിലുണ്ടായിട്ടുള്ളതാണ്. ലോകത്തിന്റെ യാഥാർഥ്യമെന്താണെന്നും അതിൽ എന്തെന്തെല്ലാം നാശങ്ങളും അപകടങ്ങളും വരുന്നുവെന്നുമാണ് അല്ലാഹു ഇതുമുഖേന സ്ഥാപിക്കുന്നത്. പരീക്ഷണങ്ങളിൽതന്നെയാണ് ദുആകളുടെ അത്യപൂർവ്വമായ പ്രത്യേകതകളും സ്വാധീനവും വെളിവാകുന്നത്. നമ്മുടെ ദൈവം പ്രാർഥനകളിലൂടെ തിരിച്ചറിയപ്പെടുന്നു എന്നതാണ് സത്യം.”

(മൽഫൂദാത്ത്, വാല്യം 2, പുതിയപതിപ്പ്, പേജ് 146-147)

## മജ്‌ലിസ് അൻസാറുല്ലാഹ് 2016 വാർഷിക ജൽസ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അനുവാദത്തോടെ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് വാർഷിക ജൽസ 2016 ഒക്ടോബർ 18,19,20 എന്നീ ദിവസങ്ങളിൽ ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുകയാണ്. ഈ ഇജ്തിമാഇൽ പങ്കെടുക്കുമെന്ന് അൻസാറുകൾ എല്ലാവരും ഇപ്പോൾത്തന്നെ ഉറച്ച തീരുമാനം എടുക്കുക. സയീമുമാരും നാസിമുമാരും ഈ ഇജ്തിമായിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അതുപോലെതന്നെ ഈ ഇജ്തിമാഇൽ അൻസാറുകളെ പങ്കെടുപ്പിക്കുന്നതിന് വേണ്ടി സയീമുമാർ ആത്മാർഥതയോടെ പ്രവർത്തിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ജൽസയിൽ പങ്കെടുത്ത് അതിന്റെ അനുഗ്രഹങ്ങൾ വാരിക്കൂട്ടാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

**- സ്വദ്ർ ഇജ്തിമാ കമ്മിറ്റി,**
**2016 വാർഷിക ജൽസ**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ഈ ജൽസയുടെ അവസരത്തിൽ നിങ്ങൾക്കുള്ള എന്റെ സന്ദേശമിതാണ്. നിങ്ങൾ നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യം ഓർക്കുക. പിന്നീട് അല്ലാഹുവിന്റെ സ്നേഹത്തിൽ ഉയരുക. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക.**

**അല്ലാഹു ആരാധിക്കുന്നതിന് പഠിപ്പിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽ ഒന്ന് നമസ്കാരം ജമാഅത്തായിട്ട് അനുഷ്ഠിക്കുക എന്നതാണ്. നമസ്കാരം അനുഷ്ഠിക്കുക എന്ന കല്പന പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ളതാണ്. പത്ത് വയസ്സിനു മുകളിലുള്ള കുട്ടികൾക്കുമുള്ളതാണ്. പുരുഷന്മാർക്കുള്ള കല്പന നമസ്കാരം ജമാഅത്തോടുകൂടി നിർവഹിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുക എന്നതാണ്. മസ്ജിദുകളിൽ പോകുകയും അവയെ ജനവാസമുള്ളതാക്കുകയും അവന്റെ കൃപാകടാക്ഷത്തെ അന്വേഷിക്കുകയും ചെയ്യുക. അഞ്ചുനേര നമസ്കാരങ്ങളിൽ ഒരുവിട്ടുവീഴ്ചയുമില്ല. അതുകൊണ്ട് ബയ്അത്ത് ചെയ്യുന്ന എല്ലാവരും എല്ലാ അഹ്മദികളും ഈ വ്യക്തമായ കല്പന പാലിക്കേണ്ടതാണ്.**

**എല്ലാ അഹ്മദിയും തങ്ങളുടെ ആരാധനകളുടെ നിലവാരത്തെ ഉയർത്തുന്നതിന് ശ്രമിക്കുന്നതോടൊപ്പം കാലത്തിന്റെ ഖലീഫയുമായി വ്യക്തിഗത ബന്ധം സ്ഥാപിക്കുകയും അനുസരണത്തിന്റെ നിലവാരത്തെ ഉന്നതമാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.**

**ഞാൻ ആവർത്തിച്ചാവർത്തിച്ച് മുഴുലോകത്തേയും അഹ്മദികളോട് എം.ടി.എയിൽ വരുന്ന പ്രോഗ്രാമുകൾ കാണുന്നതിനുവേണ്ടി പറഞ്ഞിരുന്നു. മാതാപിതാക്കളും ഇതിലേക്ക് ശ്രദ്ധിക്കുകയും തങ്ങളുടെ മക്കളേയും എം.ടിഏ യുമായി ബന്ധപ്പെടുത്തുകയും ചെയ്യുക. ഇതും ഒരാത്മീയ ഭക്ഷണതളികയാണ്. ഇത് നിങ്ങളുടെ ആത്മീയമായ അനശ്വരതയ്ക്കുള്ള മാർഗമാണ്.**

## 2015 ഡിസംബറിൽ സംഘടിപ്പിച്ച ആസ്ത്രേലിയൻ വാർഷിക സമ്മേളനത്തിലേക്ക് അയച്ച അമീറുൽ മുഅ്മിനീന്റെ സന്ദേശം

അഹ്മദിയ്യാ ജമാഅത്ത് ആസ്ത്രേലിയായുടെ 31-ാമത് വാർഷിക ജൽസ 2015 ഡിസംബർ 25 മുതൽ 27 വരെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടക്കുകയുണ്ടായി. പുരുഷന്മാരുടെ സമ്മേളന നഗരി മസ്ജിദ് ബയ്ത്തുൽഹുദായുടെ അങ്കണത്തിൽ മിനാരത്തോടു ചേർന്നാണ് തയ്യാറാക്കപ്പെട്ടിരുന്നത്. ഭക്ഷണം കഴിക്കുന്നതിനും ബുക്ക് സ്റ്റാളിനും എക്സിബിഷനും ജൽസയുടെ വിവിധ സ്റ്റാളുകൾക്കും ഏർപ്പാട് ചെയ്തിരുന്നത് ബയ്ത്തുൽഹുദാ മസ്ജിദിനോട് ചേർന്നുള്ള മൈതാനത്തായിരുന്നു. ഈ സമ്മേളനത്തിൽ ആസ്ത്രേലിയായിലെ എല്ലാ സ്റ്റേറ്റുകൾക്കും പുറമെ കാനഡ, ന്യൂസിലാന്റ്, സിങ്കപ്പൂർ, മറ്റ് ധാരാളം രാജ്യങ്ങളിൽനിന്നും രണ്ടായിരത്തിലേറെ അതിഥികൾ പങ്കെടുത്തിരുന്നു. അഹ്മദിയ്യാ ജമാഅത്ത് കാനഡ മിഷണറി ഇൻചാർജ് മുബാറക്ക് അഹ്മദ് നദീർ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. പ്രിന്റ് & ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേന 1 മില്യണിൽ അധികം ആസ്ത്രേലിയക്കാർവരെ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശങ്ങൾ എത്തി. ആസ്ത്രേലിയൻ പ്രധാനമന്ത്രി Malcolm Turnbull നു പുറമെ ധാരാളം മന്ത്രിമാരും പാർലിമെന്റംഗങ്ങളും കൗൺസിലർമാരും മതരാഷ്ട്രീയരംഗത്തെ വിവിധ നേതാക്കളും സമ്മേളനത്തിന് ആശംസകളയച്ചിരുന്നു. ജൽസയുടെ വിജയകരമായ സംഘാടനത്തിന് മംഗളാശംസകൾ നേരുകയുണ്ടായി. വിശദമായ റിപ്പോർട്ട് ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കുന്ന അൽഫജ്ൽ ഇന്റർനാഷണൽ വീക്കിലി 2016 മാർച്ച് 11, പേജ് 20 ൽ വായിക്കാവുന്നതാണ്.

അമീറുൽ മുഅ്മിനീൻ ആസ്ത്രേലിയ ജൽസ സാലാനയ്ക്കുവേണ്ടി സന്ദേശമയക്കുകയുണ്ടായി. അത് ബദ്റിന്റെ വായനക്കാർക്കുവേണ്ടി ഇവിടെ പ്രസിദ്ധീകരിക്കുകയാണ്. അല്ലാഹു നമുക്കെല്ലാവർക്കും അമീറുൽ മുഅ്മിനീന്റെ ഈ സുവർണോപദേശങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് പൂർണമായും പ്രവർത്തിക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ.

### സന്ദേശം

"ആസ്ത്രേലിയ അഹ്മദിയ്യാ ജമാഅത്തിലെ എന്റെ പ്രിയപ്പെട്ട അംഗങ്ങളേ!

അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു.

അൽഹംദുലില്ലാഹ്. ആസ്ത്രേലിയ അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ വാർഷിക ജൽസ സംഘടിപ്പിക്കാനുള്ള സൗഭാഗ്യം കിട്ടിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു നിങ്ങളുടെ ഈ ജൽസയെ എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. അതിന്റെ ആത്മീയമായ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസയുടെ അവസരത്തിൽ നിങ്ങൾക്കുള്ള എന്റെ സന്ദേശമിതാണ്. നിങ്ങൾ നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യം ഓർക്കുക. പിന്നീട് അല്ലാഹുവിന്റെ സ്നേഹത്തിൽ ഉയരുക. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. ആരാധനകളുടെ ഉന്നതനിലവാരം സ്ഥാപിക്കുക. അല്ലാഹു ആരാധിക്കുന്നതിന് പഠിപ്പിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽ ഒന്ന് നമസ്കാരം ജമാഅത്തായിട്ട് അനുഷ്ഠിക്കുക എന്നതാണ്. വിശുദ്ധഖുർആനിൽ വ അഖീമുസ്സ്വലാത്ത വ ആത്തുസ്സക്കാത്ത വഅത്തീഉർറസ്സൂലലഅല്ലക്കും തുർഹമൂൻ എന്ന് പറഞ്ഞിരിക്കുന്നു. നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും റസൂലിനെ അനുധാവനം ചെയ്യുന്നതിൽ അരമുറുക്കുകയും ചെയ്യുക; നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. നമസ്കാരം അനുഷ്ഠിക്കുക എന്ന കല്പന പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ളതാണ്. പത്ത് വയസ്സിനു മുകളിലുള്ള കുട്ടികൾക്കുമുള്ളതാണ്. പുരുഷന്മാർക്കുള്ള കല്പന നമസ്കാരം ജമാഅത്തോടുകൂടി നിർവഹിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുക എന്നതാണ്. മസ്ജിദുകളിൽ പോകുകയും അവയെ ജനവാസമുള്ളതാക്കുകയും അവന്റെ കൃപാകടാക്ഷത്തെ അന്വേഷിക്കുകയും ചെയ്യുക. അഞ്ചുനേര നമസ്കാരങ്ങളിൽ ഒരുവിട്ടുവീഴ്ചയുമില്ല. അതുകൊണ്ട് ബയ്അത്ത് ചെയ്യുന്ന എല്ലാവരും എല്ലാ അഹ്മദികളും ഈ വ്യക്തമായ കല്പന പാലിക്കേണ്ടതാണ്. ഓരോ അഹ്മദിയും തങ്ങളുടെ ആത്മാവിന്റെ കാര്യത്തിൽ സ്വയം ഉത്തരവാദപ്പെട്ടയാളാണ്. എല്ലാ സമയവും ഈ വശത്തൂടെ അവൻ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "നമസ്കാരങ്ങളെ കൃത്യമായും അനുഷ്ഠിക്കുക. വെറും ഒരൊറ്റ നമസ്കാരം മാത്രം അനുഷ്ഠിക്കുന്ന ചിലയാളുകളുണ്ട്. നമസ്കാരങ്ങൾ മാപ്പാക്കപ്പെടുന്നില്ല എന്ന കാര്യം അവരോർക്കേണ്ടതാണ്. എത്രത്തോളമെന്നാൽ പ്രവാചകന്മാർക്കുപോലും മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു. 'നബി(സ) തിരുമേനിയുടെ അടുക്കൽ ഒരു സംഘമാളുകൾ വന്നു. തങ്ങൾക്ക് നമസ്കാരം മാപ്പാക്കിത്തരണമെന്ന് അപേക്ഷിച്ചു. അവിടന്ന് പറഞ്ഞു. കർമമില്ലാത്ത മതം ഒരു യാഥാർഥ്യവുമില്ലാത്ത മതമാണ്. അതുകൊണ്ട് ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുക." (മൽഫൂദാത്ത് വാള്യം 1, പേജ് 263)

അതുകൊണ്ട് ഓരോ അഹ്മദിയും നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ആത്മീയമായ അഭിവൃദ്ധിയും ദൈവസാമീപ്യവും കരസ്ഥമാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട മാർഗം നമസ്കാരമാണ്. രണ്ടാമതായി നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഖിലാഫത്തുമായുള്ള ബന്ധത്തിലേക്കാണ്. അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണ് നിങ്ങളിലുള്ളത്. അതായത് അവൻ നിങ്ങൾക്ക് ഇക്കാലത്തെ ഇമാമിനെ തിരിച്ചറിയാനുള്ള തൗഫീഖ് പ്രദാനം ചെയ്തു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഖിലാഫത്ത് എന്ന അനുഗ്രഹവും പ്രദാനം ചെയ്യുന്നു. ഈ മഹത്തായ ആത്മീയമായ വ്യവസ്ഥിതിയുമായി നിങ്ങളെ ബന്ധപ്പെടുത്തി. ഇതുമുഖേന ഓരോ ജമാഅത്തംഗങ്ങളോടും ആവർത്തിച്ചാവർത്തിച്ച് അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കാനും പറഞ്ഞു. അനുസരണത്തിലൂടെയാണ് ആത്മീയമായ വിജയങ്ങൾ ലഭിക്കുന്നത്. വിജയങ്ങളും അധികാരങ്ങളും കരസ്ഥമാക്കുന്നവർ അനുസരണത്തിന്റെ കലപ്പ തങ്ങളുടെ പിടലിയിൽ വെച്ചിട്ടുള്ളവരാണ്. അതിനാൽ എല്ലാ അഹ്മദിയും തങ്ങളുടെ ആരാധനകളുടെ നിലവാരത്തെ ഉയർത്തുന്നതിന് ശ്രമിക്കുന്നതോടൊപ്പം കാലത്തിന്റെ ഖലീഫയുമായി വ്യക്തിഗത ബന്ധം സ്ഥാപിക്കുകയും അനുസരണത്തിന്റെ നിലവാരം ഉന്നയർത്താൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. കഠിനമായി പരിശ്രമിക്കുക. ഇതിനുപുറമെ ഞാൻ ആവർത്തിച്ചാവർത്തിച്ച് മുഴുലോകത്തേയും അഹ്മദികളോട് എം.ടി.എയിൽ വരുന്ന പ്രോഗ്രാമുകൾ കാണുന്നതിനുവേണ്ടി പറഞ്ഞിരുന്നു. മാതാപിതാക്കളും ഇതിലേക്ക് ശ്രദ്ധിക്കുകയും തങ്ങളുടെ മക്കളേയും എം.ടിഏ യുമായി ബന്ധപ്പെടുത്തുകയും ചെയ്യുക. ഇതും ഒരാത്മീയ ഭക്ഷണത്തളികയാണ്. ഇത് നിങ്ങളുടെ ആത്മീയമായ അനശ്വരതയ്ക്കുള്ള മാർഗമാണ്. ഇതുമുഖേന നിങ്ങളുടെ മതപരമായ അറിവുകൾ വർധിക്കും. ആത്മീയതയിൽ അഭിവൃദ്ധിയുണ്ടാകും. ഖിലാഫത്തുമായി സമ്പൂർണമായ ബന്ധമുണ്ടാകും. ലോകത്തെ മറ്റ് ചാനലുകളുടെ വിഷലിപ്തമായ സ്വാധീനങ്ങളിൽനിന്നും നിങ്ങൾ സുരക്ഷിതരായിരിക്കും. അല്ലാഹു നിങ്ങൾക്ക് എന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രബോധനവും അവിടത്തെ ക്ഷണവും അവിടത്തെ നാമവും ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ഇത് വാഗ്ദാനമാണെന്നതിൽ സംശയമില്ല. ഈ ജോലി അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ചെയ്തുകൊണ്ടുമിരിക്കുന്നു. ഭാവിയിലും ഇൻശാഅല്ലാഹ് ചെയ്തു കൊണ്ടിരിക്കുന്നതാണ്. പക്ഷേ, അതിനോടൊപ്പംതന്നെ തന്റെ ഗ്രന്ഥങ്ങളിൽനിന്ന് അറിവ് കരസ്ഥമാക്കുകയും നബി(സ)തിരുമേനിയുടെ സ്വഹാബ തബ്ലീഗ് ചെയ്തിരുന്നതുപോലെ തബ്ലീഗ് ചെയ്യുക എന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജമാഅത്തംഗങ്ങളോടു പറഞ്ഞു.**

**അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഇന്ത്യയിൽ ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടുത്തലുകളും വിവിധ മാർഗങ്ങളിലൂടെ നടന്നു വരുന്നു. പക്ഷേ, പ്രവർത്തിക്കുന്നവരും വാഖ്ഫെ സിന്ദഗിമാരും മുറബ്ബിമാരും വ്യക്തിപരമായ നിലയിലും തങ്ങളുടെ പരിശ്രമങ്ങൾ വേഗത്തിലാക്കേണ്ട ആവശ്യമുണ്ട്. അടിയും കൊള്ളുന്നു. എതിർപ്പും ഉണ്ടാകുന്നു. പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ യുക്തിയോടുകൂടി നമ്മുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകേണ്ടതാണ്. ഇൻശാ അല്ലാഹ്.**

**അല്ലാഹു തബ്ലീഗ് ചെയ്യുന്നതിനും അതിനെ വിശാലമാക്കുന്നതിനും നമ്മളോടു നിർദേശിച്ചിരിക്കുന്നുവെന്ന കാര്യം ലോകത്തിലെ ബാക്കിയുള്ള രാജ്യങ്ങളും തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. പക്ഷേ, ഈ പ്രവർത്തനം കൂടുതൽ വിശാലമാക്കുന്നതിന് നമുക്ക് ഇതിനുവേണ്ടി എല്ലായിടത്തും, എല്ലാ രാജ്യത്തും കൂടുതൽ ശക്തമായ പ്ലാനിംഗ് ചെയ്യേണ്ട ആവശ്യമുണ്ട്. തബ്ലീഗ് ചെയ്യുന്നതിനോടൊപ്പം ബയ്അത്ത് ചെയ്തു ജമാഅത്തിൽ ചേരുന്നവരെ സംരക്ഷിക്കേണ്ട ഭാരിച്ച ജോലിയുമുണ്ട്. ചിലയിടങ്ങളിൽ തബ്ലീഗ് നടക്കുന്നുണ്ട്. ജനങ്ങൾ ചേരുന്നുമുണ്ട്. എങ്കിലും അവരെ സംരക്ഷിക്കാൻ കഴിയുന്നില്ല. ഇങ്ങനെ വന്നിട്ടുള്ള ധാരാളമാളുകൾ പിന്നീട് നഷ്ടപ്പെട്ടുപോകുന്നു. ആഫ്രിക്കൻ രാഷ്ട്രങ്ങളിലും അവിടത്തെ ആളുകളും മുബല്ലിഗുമാരും തങ്ങൾക്ക് ശേഷമുള്ള ബന്ധങ്ങളും മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. തദ്ദേശ ജനങ്ങളുടെ അവസ്ഥകളെക്കുറിച്ച് അറിയാൻ ഉത്തമമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.**

**ഒന്നാമത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളാണ്. അത് വായിക്കേണ്ടത് നിർബന്ധമാകുന്നു. അത് മസ്സിലാക്കുകയും അതെടുത്ത് പ്രസംഗങ്ങൾ തയ്യാറാക്കുകയും വേണം.**

**ഈ നിയമപരമായ മാർഗനിർദേശം മുബല്ലിഗുമാർക്കുമുള്ളതാണ്. ദാഇയീനെ ഇലല്ലാക്കുമുള്ളതാണ്. വൈജ്ഞാനിക പരിപാടികളിൽ പങ്കെടുക്കാൻ പോകുന്നവർക്കുമുള്ളതാണ്. ഇങ്ങനെ പ്രസംഗം തയ്യാറാക്കുകയാണെങ്കിൽ വലിയ വലിയ പ്രൊഫസർമാരും നാമധാരികളായ മതപണ്ഡിതന്മാരും മതത്തെ ആക്ഷേപിക്കുന്നവരും ആകർഷിക്കപ്പെടുന്നതാണ്. നമ്മുടെ മതപരമായ അറിവ് വർധിക്കുന്നതിനും അതിനോടൊപ്പംതന്നെ ആ ഗ്രന്ഥങ്ങൾ കാരണത്താൽ നമ്മുടെ ആത്മീയതയിൽ അഭിവൃദ്ധിയുണ്ടാകുന്നതിനുംവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുക എന്നതും നമുക്ക് നിർബന്ധമാണ്. മുറബ്ബിമാരേയും മുബല്ലിഗുമാരേയും ജമാഅത്തുകൾ ഏതുരീതിയിലാണോ കാണേണ്ടത് ആ രീതിയിൽ ചിലയിടങ്ങളിൽ കാണുന്നില്ല എന്ന കാര്യവും ഓർമ വെക്കേണ്ടതാണ്. അതായത് ജമാഅത്തംഗങ്ങൾ തങ്ങളുടെ മുറബ്ബിമാരേയും മുബല്ലിഗുമാരേയും പരിഗണിക്കേണ്ടതുപോലെ പരിഗണിക്കുന്നില്ല. ഇതു സംബന്ധമായി ചിലയിടങ്ങളിൽനിന്ന് പരാതികൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനോടൊപ്പം മുറബ്ബിമാർക്കും മുബല്ലിഗുമാർക്കും ജമാഅത്തുകളിൽ തങ്ങളുടെ അന്തസ്സ് നിലനിറുത്തുന്നതിന് വൈജ്ഞാനികവും ആത്മീയവുമായ അടിസ്ഥാനത്തിൽ ഉന്നത സ്ഥാനം കരസ്ഥമാക്കൻ ശ്രമിക്കണമെന്ന ഉത്തരവാദിത്വവുമുണ്ടെന്ന കാര്യവും ഞാൻ പറയുകയാണ്. ഇക്കാര്യം അവരിൽ ഉത്തരവാദിത്വവും ഇട്ടുകൊണ്ടിരിക്കുന്നു. ഒരിക്കലും ഒരു ജമാഅത്തംഗത്തിനും അവരെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തെറ്റായ കാര്യം പറയാൻ തന്റേടമുണ്ടാകരുത്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇത്തരം അടയാളം കാണിക്കാനാണ് വന്നത്. അത്തരം ആളുകളെ സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു ലക്ഷ്യം. അവരുടെ ദുആകൾ മുഖേന അല്ലാഹു ലോകത്ത് വലിയ വലിയ വിപ്ലവം ഉണ്ടാക്കണം. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുള്ള ചില നിവേദനങ്ങളും പാഠമുൾക്കൊള്ളുന്ന വിവിധ ഉദാഹരണങ്ങളും സംഭവങ്ങളും ഉദ്ധരിച്ചുകൊണ്ട് ജമാഅത്തംഗങ്ങൾക്ക് സുപ്രധാന ഉപദേശങ്ങൾ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ജൂലായ് 08/1395 വഫാ 08**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

يٰاَيُّهَا الَّذِيْنَ اٰمَنُوْا لَا تَتَّبِعُوْا خُطُوٰتِ الشَّيْطٰنِ ۔ وَمَنْ يَّتَّبِعْ خُطُوٰتِ الشَّيْطٰنِ فَاِنَّهٗ يَاْمُرُ بِالْفَحْشَآءِ وَالْمُنْكَرِ ۔ وَلَوْلَا فَضْلُ اللّٰهِ عَلَيْكُمْ وَرَحْمَتُهٗ مَا زَكٰى مِنْكُمْ مِّنْ اَحَدٍ اَبَدًا وَّلٰكِنَّ اللّٰهَ يُزَكِّيْ مَنْ يَّشَآءُ ۔ وَاللّٰهُ سَمِيْعٌ عَلِيْمٌ ۔ (النور:22)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ചു കൊണ്ട് ഉപദേശവും പാഠവും ഉൾക്കൊള്ളുന്നതായ ചില കാര്യങ്ങൾ ഞാൻ ഇപ്പോൾ പറയുന്നതാണ്. ഒറ്റ തിരിഞ്ഞുള്ള ഈ ഓരോ ഉദ്ധരണിയും ഒരു ഉപദേശവും പാഠവും ഉൾക്കൊള്ളുന്നതാണ്. ചില കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ഉദ്ധരിച്ചുഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുകയുണ്ടായി.

ആദ്യത്തെ കാര്യം തബ്ലീഗിനെ ഉദ്ധരിച്ചുകൊണ്ടുള്ളതാണ്. ഇതിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിഭജനത്തിനുശേഷം ഖാദിയാനിലെ ജമാഅത്തിന് ജൽസ സാലാനയുടെ അവസരത്തിൽ ഈ സന്ദേശം അയക്കുകയുണ്ടായി. തബ്ലീഗ് ചെയ്യുക എന്നതാണ് നിങ്ങളുടെ ജോലി എന്ന് അതിൽ പറഞ്ഞിരുന്നു. ഈ വശത്തൂടെ നോക്കുമ്പോൾ കഠിന പ്രയത്നം ചെയ്യേണ്ട ആവശ്യമുണ്ട്. 'ഞാൻ നിന്റെ തബ്ലീഗിനെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കു' മെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നോടു ഇൽഹാമൻ പറഞ്ഞിട്ടുണ്ട് എന്നതിൽ സംശയമില്ല.(1898 അൽഹക്കം മാർച്ച് 27–ഏപ്രിൽ 6, വാല്യം 2 നമ്പർ 5–6 പേജ് 13). പിന്നീട് ഇങ്ങനേയും പറഞ്ഞു: 'അല്ലാഹു നിന്റെ നാമം ലോകം അവസാനിക്കുന്ന നാൾവരെ ആദരവോടുകൂടി നിലനിറുത്തുന്നതാണ്. നിന്റെ ക്ഷണം ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും.' (ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസായിൻ, വാല്യം 5, പേജ് 648)

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രബോധനവും അവിടത്തെ ക്ഷണവും അവിടത്തെ നാമവും ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ഇത് വാഗ്ദാനമാണെന്നതിൽ സംശയമില്ല. ഈ ജോലി അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ചെയ്തുകൊണ്ടുമിരി

ക്കുന്നു. ഭാവിയിലും ഇൻശാഅല്ലാഹ് ചെയ്തുകൊണ്ടിരിക്കുന്നതാണ്. പക്ഷേ, അതിനോടൊപ്പംതന്നെ തന്റെ ഗ്രന്ഥങ്ങളിൽനിന്ന് അറിവ് കരസ്ഥമാക്കുകയും നബി(സ)തിരുമേനിയുടെ സ്വഹാബ തബ്‌ലീഗ് ചെയ്തിരുന്നതുപോലെ തബ്‌ലീഗ് ചെയ്യുക എന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജമാഅത്തംഗങ്ങളോടു പറഞ്ഞു. എന്തായാലും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽനിന്ന് പൂർണമായും ഫലമെടുക്കുന്നതിനുവേണ്ടിയും ശ്രമിക്കേണ്ടതുണ്ട്. വാഗ്ദാനം അല്ലാഹുവിന്റേതാണെന്നതിൽ സംശയമില്ല. പക്ഷേ, ആരാണോ നബിയോട് പ്രതിജ്ഞ ചെയ്തിട്ടുള്ളത് അവരിലാണ് അവ പൂർത്തിയാക്കുന്നതിനുവേണ്ടി അല്ലാഹു ഈ ഉത്തരവാദിത്വമിട്ടിരിക്കുന്നത്; അതായത് അതിൽ ഉത്സാഹത്തോടെ ഭാഗഭാക്കാകാനും അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളുടെ അനന്തരാവകാശികളാകാനും. ഇങ്ങനെയാകുമ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ആ ജോലികളിൽ അതിരറ്റ അനുഗ്രഹമിടുന്നു. പുതിയ പുതിയ മാർഗങ്ങളുമുണ്ടാക്കുന്നു. എങ്ങനെയാണ് ധാരാളം മാർഗങ്ങൾ അല്ലാഹു തബ്‌ലീഗിനുണ്ടാക്കിയിട്ടുള്ളതെന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു.

തബ്‌ലീഗിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞ ഭാഗം ഞാൻ സമർപ്പിക്കുകയാണ്. ഖാദിയാനിൽ അഹ്മദികളുടെ കുറഞ്ഞ അംഗസംഖ്യയും പരിമിതമായ പ്രവർത്തനമാധ്യമങ്ങളും ആയിരുന്നിട്ടും ഈ സുപ്രധാനമായ നിർബന്ധ കടമയെ കുറിച്ച് അവിടന്ന് പറഞ്ഞു. ദർവേശുമാർക്ക് ആവേശവും പകർന്നു. അവർക്ക് ആവേശം പകരുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരംഭകാലവും ഉദ്ധരിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "നിങ്ങളുടെ എണ്ണം ഖാദിയാനിൽ 313 ആണെന്നതിൽ സംശയമില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖാദിയാനിൽ അല്ലാഹു പറഞ്ഞ ജോലി ആരംഭിച്ചപ്പോൾ ഖാദിയാനിൽ അഹ്മദികളുടെ അംഗസംഖ്യ വെറും രണ്ടുമൂന്നായിരുന്നു എന്ന കാര്യം നിങ്ങൾ മറന്നിട്ടുണ്ടാകുകയില്ല. 300 ആളുകൾ മൂന്നിനെക്കാൾ അധികംതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വാദം പുറപ്പെടുവിച്ച കാലത്ത് ഖാദിയാനിലെ ജനസംഖ്യ 1100 ആയിരുന്നു. 1100ഉം മൂന്നിനെ അപേക്ഷിച്ച് 366ൽ ഒന്നാണ്. (1/366). (അതായത് ഒന്നിന്നെതിരിൽ 366 അംഗങ്ങൾ. നിങ്ങൾ സന്ദേശം നല്കിക്കൊണ്ടിരിക്കുന്ന) ഈ നേരത്ത്, ഖാദിയാനിലെ ജനസംഖ്യ 12000 എന്നു മനസ്സിലാക്കുകയാണെങ്കിൽ ഇപ്പോഴുള്ള അഹ്മദിയ്യാ ജനസംഖ്യയെ അപേക്ഷിച്ച് ബാക്കിയുള്ള ഖാദിയാനിലെ ജനങ്ങളിൽനിന്ന് 36ൽ ഒന്നായിരിക്കും.(1/36) (അതായത് 36ന്നെതിരിൽ ഒരു അഹ്മദി. ആദ്യം 366ന്നെതിരിൽ ഒരു അഹ്മദിയായിരുന്നു. (അവിടന്ന് ഖാദിയാൻകാരെ സംബോധന ചെയ്യുന്നു:) ഹദ്റത്ത് മസീഹ് മൗഊദ്(അ)ജോലി ആരംഭിച്ച കാലത്തെക്കാൾ നിങ്ങളുടെ ശക്തി പത്തിരട്ടി അധികമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ജോലി ആരംഭിച്ച നേരത്ത് ഖാദിയാനു വെളിയിൽ ഒരു അഹ്മദിയ്യാ ജമാഅത്തും ഉണ്ടായിരുന്നില്ല. പക്ഷേ, ഇപ്പോൾ ഇന്ത്യയിലും നിരവധി സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തുകൾ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. ഈ ജമാഅത്തുകളെ ഉണർത്തുക, സംഘടിപ്പിക്കുക, ഒരു പുതിയ ദൃഢനിശ്ചയത്തോടുകൂടി എഴുന്നേൽപിച്ചു നിറുത്തുക, ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശത്തെ ഇന്ത്യയുടെ നാലുഭാഗത്തും പ്രചരിപ്പിക്കുക എന്നുദ്ദേശ്യത്തോടെ അവരുടെ ശക്തിയെ സംഘടിപ്പിക്കുക തുടങ്ങിയവയെല്ലാം നിങ്ങളുടെ തന്നെ ജോലിയാണ്."(സവാനെ ഫള്‌ലെ ഉമർ വാല്യം 4 പേജ് 388-389)

## ഇർശാദുന്നബവി(സ)

"ഒരു മയ്യിത്തിനെ അവന്റെ കർമം സമ്പത്ത് കുടുംബം എന്നീ മൂന്നു കാര്യങ്ങൾ അനുഗമിക്കും. എന്നിട്ട് രണ്ടെണ്ണം മടങ്ങുകയും ഒന്നു മാത്രം ബാക്കിയാകുകയും ചെയ്യും." അതായത് കർമം ബാക്കിയാകും. (തുർമുദി)

**ത്വാലിബെ ദുആ:**

**DSINGS WORLD Kannur, Calicut**

ഈ ബന്ധംതന്നെയായിരിക്കാം ഇപ്പോഴത്തെ ഖാദിയാനിലെ ജനസംഖ്യയുടേയും. ഖാദിയാനിലെ അഹ്മദി ആയിരക്കണക്കിനാണെങ്കിൽ അവിടെ മറ്റുള്ളവരുടെ അംഗസംഖ്യയും വർധിച്ചിട്ടുണ്ടാകും. ഇപ്പോൾ പ്രവർത്തന മാധ്യമങ്ങളും മുമ്പത്തെക്കാൾ മെച്ചപ്പെട്ടതാണ്. മാർഗങ്ങളും അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ വളരെ അധികമാണ്. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഇന്ത്യയിൽ ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടുത്തലുകളും വിവിധ മാർഗങ്ങളിലൂടെ നടന്നു വരുന്നു. പക്ഷേ, പ്രവർത്തിക്കുന്നവരും വാഖ്ഫെ സിന്ദഗിമാരും മുറബ്ബിമാരും വ്യക്തിപരമായ നിലയിലും തങ്ങളുടെ പരിശ്രമങ്ങൾ വേഗത്തിലാക്കേണ്ട ആവശ്യമുണ്ട്. അടിയും കൊള്ളുന്നു. എതിർപ്പും ഉണ്ടാകുന്നു. പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ യുക്തിയോടുകൂടി നമ്മുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകേണ്ടതാണ്. ഇൻശാ അല്ലാഹ്.

അല്ലാഹു തബ്‌ലീഗ് ചെയ്യുന്നതിനും അതിനെ വിശാലമാക്കുന്നതിനും നമ്മളോടു നിർദേശിച്ചിരിക്കുന്നുവെന്ന കാര്യം ലോകത്തിലെ ബാക്കിയുള്ള രാജ്യങ്ങളും തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. ഇതു വിശുദ്ധ ഖുർആനിന്റേയും കല്പനയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇതുതന്നെ പറഞ്ഞിരിക്കുന്നു. നബി(സ)തിരുമേനിക്ക് അല്ലാഹു ഇതേ കല്പനയായിരുന്നു നല്കിയിരുന്നത്. പക്ഷേ, ഈ പ്രവർത്തനം കൂടുതൽ വിശാലമാക്കുന്നതിന് നമുക്ക് ഇതിനുവേണ്ടി എല്ലായിടത്തും, എല്ലാ രാജ്യത്തും കൂടുതൽ ശക്തമായ പ്ലാനിംഗ് ചെയ്യേണ്ട ആവശ്യമുണ്ട്. തബ്‌ലീഗ് ചെയ്യുന്നതിനോടൊപ്പം ബയ്അത്ത് ചെയ്തു ജമാഅത്തിൽ ചേരുന്നവരെ സംരക്ഷിക്കേണ്ട ഭാരിച്ച ജോലിയുമുണ്ട്. ചിലയിടങ്ങളിൽ തബ്‌ലീഗ് നടക്കുന്നുണ്ട്. ജനങ്ങൾ ചേരുന്നുമുണ്ട്. എങ്കിലും അവരെ സംരക്ഷിക്കാൻ കഴിയുന്നില്ല. ഇങ്ങനെ വന്നിട്ടുള്ള ധാരാളമാളുകൾ പിന്നീട് നഷ്ടപ്പെട്ടുപോകുന്നു.

ഇന്ത്യയിലും അധികവും ഗ്രാമീണരാണ്. ദരിദ്രരായ ആളുകളാണ് അഹ്മദിയ്യത്ത് സ്വീകരിക്കുന്നത്. എതിരാളികളുടെ എതിർപ്പുണ്ടാകുമ്പോൾ ചില ബലഹീനവിശ്വാസികൾ ഭയംകൊണ്ട് ദൗർബല്യം കാണിക്കുന്നു. അവിടെ നമ്മുടെ പ്രവർത്തകർ പ്രവർത്തിക്കുകയും ആസൂത്രണപരമായ നിലയിൽ പ്രബോധനം നടത്തുകയുമാണെങ്കിൽ അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ വളരെ നല്ല പ്രവർത്തനം ഉണ്ടാകുന്നതാണ്. ഇസ്‌ലാഹോ ഇർശാദിനു പുറമെ വിവിധ നള്ളാറത്തുകളുടെ ഒരു വകുപ്പ് അവിടെ നൂറുൽ ഇസ്‌ലാമിന്റേതും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന് വിവിധ മാർഗങ്ങളുണ്ട്. ഫോൺ മുഖേനയും മറ്റു പത്രങ്ങൾ മുഖേനയും പ്രബോധന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇപ്രകാരംതന്നെ വഖ്ഫെ ജദീദിന്റെ തബ്‌ലീഗ് വകുപ്പുമുണ്ട്. അവർ മുഖേനയും പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. എതിരാളികളെത്തി നവഅഹ്മദികളേയും പുതിയതായി ബയ്അത്ത് ചെയ്യുന്നവരേയും ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുമ്പോൾ അവിടെ ചെന്ന് അവർക്ക് ധൈര്യം നല്കേണ്ടതാണ്. ജില്ലാപ്രതിനിധികളും കേന്ദ്രപ്രതിനിധികളും പെട്ടെന്ന് അവിടെ എത്തേണ്ടതാണ്. എവിടെനിന്ന് അറിയിപ്പ് കിട്ടിയാലും അതായത് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അഹ്മദിക്കുണ്ടായി എന്നറിഞ്ഞാൽ അത് ചെറിയ ഗ്രാമമാണെങ്കിൽപ്പോലും അവിടെ എത്തേണ്ടതാണ്. ഇപ്രകാരംതന്നെ ആഫ്രിക്കൻ രാഷ്ട്രങ്ങളിലും അവിടെത്തെ ആളുകളും മുബല്ലിഗുമാരും തങ്ങൾക്ക് ശേഷമുള്ള ബന്ധങ്ങളും മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. തദ്ദേശ ജനങ്ങളുടെ അവസ്ഥകളെക്കുറിച്ച് അറിയാൻ ഉത്തമമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കാരണം അവിടേയും ഞാൻ ദർസിലോ ഖുത്ബയിലോ പറഞ്ഞതുപോലെ എങ്ങനെ അവരെ ഹിദായത്തിൽനിന്ന് പിന്തിരിപ്പിക്കാമെന്ന ഉദ്ദേശ്യത്തോടെ അഹ്മദിയ്യത്തിന്റെ എതിരാളികൾ പെട്ടെന്നാണ് എത്തുന്നത്. എന്തായാലും എല്ലായിടത്തും പ്രത്യേകിച്ചും കൂടുതൽ ബയ്അത്ത് നടക്കുന്ന ദരിദ്രരാഷ്ട്രങ്ങളിൽ ഈ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പിന്നീടു ഖാജ കമാലുദ്ദീൻ സാഹിബിന്റെ ഒരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിക്കുന്നുണ്ട്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിരുന്നു. പിന്നീട് രണ്ടാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നേരത്ത് ഫിത്നയിൽ അകപ്പെട്ടുപോകുകയും ഗയ്ർ മുബായിഈൻ(ബയ്അത്ത് ചെയ്യാത്ത) നേതാക്കളിലാകുകയും ചെയ്തു. എന്തായാലും അദ്ദേഹത്തിന് നേതൃത്വം വേണമായിരുന്നു. അത് അദ്ദേഹത്തിന് അവിടെ കിട്ടി. അദ്ദേഹത്തെ കുറിച്ച് വിവരിക്കുന്നു. അദ്ദേഹം തന്റെ അറിവ് എങ്ങനെയാണ് വികസിപ്പിച്ചത്? അദ്ദേഹത്തിന്റെ നല്ല പ്രസംഗങ്ങളുടേയും പ്രഭാഷണങ്ങളുടേയും രഹസ്യമെന്തായിരുന്നു? ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്ത് അദ്ദേഹം ഒരു പ്രസംഗം തയ്യാറാക്കുകയും അതിനുശേഷം ഖാദിയാനിൽ വന്ന് കുറച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടു ചോദിക്കുകയും കുറച്ച് മറ്റുള്ളവരോടു ചോദിക്കുകയും അങ്ങനെ ഒരു പ്രസംഗം പൂർത്തിയാക്കുകയും ചെയ്യുമായിരുന്നു. അതിനുശേഷം അതുമായി അദ്ദേഹം ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ പര്യടനം നടത്തും, വിജയിക്കുകയും ചെയ്യും." ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഖാജ സാഹിബ് പറയാറുണ്ടായിരുന്നു, 12 പ്രസംഗം ഒരാളുടെ കൈയിൽ തയ്യാറായിട്ടുണ്ടെങ്കിൽ അയാൾക്ക് അസാധാരണമായ പ്രശസ്തി ലഭിക്കാവുന്നതാണ്." അവിടന്ന് പറയുന്നു: ഖാജ സാഹിബ് 7 പ്രസംഗം തയ്യാറാക്കിയിരുന്നു. അങ്ങനെ ഇംഗ്ലണ്ടിൽപോയി. (ഇവിടെ ഇംഗ്ലണ്ടിൽവന്നു). അദ്ദേഹം ഈ 7 പ്രസംഗംകൊണ്ടുതന്നെ വളരെ സ്വീകാര്യനായി കഴിഞ്ഞിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഞാൻ മനസ്സിലാക്കുന്നത് ഒരു പ്രസംഗമെങ്കിലും നല്ലവണ്ണം തയ്യാറാക്കുകയാണെങ്കിൽ അതുനല്ലവണ്ണം മനഃപ്പാഠമായിരിക്കുന്നതുകൊണ്ട് ജനങ്ങളിൽ അത് നല്ല സ്വാധീനമുണ്ടാക്കുന്നതാണ്."

അതിനാൽ ഒന്നാമത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളാണ്. അത് വായിക്കേണ്ടത് നിർബന്ധമാകുന്നു. അത് മസ്സിലാക്കുകയും അതെടുത്ത് പ്രസംഗങ്ങൾ തയ്യാറാക്കുകയും വേണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പിന്നീട് വിശദീകരിച്ച് പറയുന്നു: 'ആദ്യകാലങ്ങളിൽ 'സ്വർഫെ മീർ'പഠിപ്പിക്കാനും 'നഹ്‌വെ മീർ' പഠിപ്പിക്കാനും വെവ്വേറെ ഉസ്താദുമാരാണുണ്ടായിരുന്നത്. 'ചുട്ട റൊട്ടി'യ്ക്കും ചുടാത്ത റൊട്ടിക്കും വെവ്വേറെ ഉസ്താദുമാരാണുണ്ടായിരുന്നത്.' (ഇപ്പോൾ ഒരു കാലം വീണ്ടും വന്നിരിക്കുന്നു. ഇവിടെ ശാസ്ത്രം അഭിവൃദ്ധിപ്പെട്ടപ്പോൾ വീണ്ടും ഈ specialities ന്റേയും specialisationന്റേയും കാലം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു) അവിടന്ന് പറയുന്നു: "ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഇങ്ങനെതന്നെയാണ് ആവേണ്ടിയിരുന്നതും. പ്രസംഗകർക്ക് വിഷയം നല്ലവണ്ണം തയ്യാറാക്കി നല്കുകയും അവർ വെളിയിൽപോയി അത് പ്രസംഗിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ജമാഅത്തിന്റെ ഉദ്ദേശ്യമനുസരിച്ചുള്ള പ്രസംഗമായിരിക്കും നടക്കുക. അദ്ദേഹം അവിടെ എന്താണ് പ്രസംഗിക്കേണ്ടതെന്ന് നമുക്കിവിടെ ഇരുന്ന് അറിയാൻ കഴിയും. യഥാർഥ പ്രസംഗം അതായിരിക്കും. ഇതിനുപുറമെ തദ്ദേശപരമായി ആവശ്യമുണ്ടെങ്കിൽ പ്രസംഗങ്ങൾക്ക് ഉപോൽബലകമായി അവർക്ക് മറ്റെന്തെങ്കിലും വിഷയങ്ങളിൽ സംസാരിക്കാവുന്നതാണ്."(അൽഫള്‌ൽ 7 നവംബർ 1945 വാല്യം 33 നമ്പർ 261 പേജ് 3)

അതുകൊണ്ട് ഈ നിയമപരമായ മാർഗനിർദേശം മുബല്ലിഗുമാർക്കുമുള്ളതാണ്. ദാഇയീനെ ഇലല്ലാക്കുമുള്ളതാണ്. വൈജ്ഞാനിക പരിപാടികളിൽ പങ്കെടുക്കാൻ പോകുന്നവർക്കുമുള്ളതാ

## ഇർശാദുന്നബവി(സ)

"നിനക്ക് വല്ല ആപത്തും നേരിട്ടാൽ ഞാൻ ഇന്നത് ചെയ്തിരുന്നുവെങ്കിൽ ഇന്നിന്നതു ഉണ്ടാകുമായിരുന്നു എന്ന് നീ പറയരുത്. മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യം പൂർത്തിയായി എന്നു പറയുക." മുത്തഫഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ണ്. ഇങ്ങനെ പ്രസംഗം തയ്യാറാക്കുകയാണെങ്കിൽ വലിയ വലിയ പ്രൊഫസർമാരും നാമധാരികളായ മതപണ്ഡിതന്മാരും മതത്തെ ആക്ഷേപിക്കുന്നവരും ആകർഷിക്കപ്പെടുന്നതാണ്. കഴിഞ്ഞ ദിവസം ഇവിടേയും തബ്‌ലീഗ് വകുപ്പിന്റെ കീഴിൽ ഒരു പ്രോഗ്രാം നടന്നിരുന്നു. ഇതിൽ ഇസ്രായീലിൽനിന്ന് ഒരു വലിയ യഹൂദീ പ്രൊഫസറും പങ്കെടുത്തിരുന്നു. അയാൾ പല ഗ്രന്ഥങ്ങളുടേയും രചയിതാവാണ്. ആ പരിപാടിയിൽ നമ്മുടെ ഒരു യുവമുറബ്ബിയും നല്ലവണ്ണം തയ്യാറായിവന്ന് പ്രസംഗിച്ചിരുന്നു. പ്രൊഫസർ സാഹിബിനെ ആ പ്രസംഗം വല്ലാതെ ആകർഷിച്ചു. പ്രൊഫസർ സാഹിബ് വളരെ തന്ത്രപൂർവ്വം ഇസ്‌ലാമിനെ, ഖിലാഫത്തിനെ അനുകൂലിച്ച് ചില കാര്യങ്ങൾ പറഞ്ഞിരുന്നു. പക്ഷേ, ഇസ്‌ലാമിന്നെതിരിലും  പറഞ്ഞിരുന്നു. അപ്പോൾ നമ്മുടെ ഈ യുവമുറബ്ബി വളരെ നല്ല നിലയിൽ അതിന് മറുപടി നല്കി. പിന്നീട് പ്രൊഫസർ സാഹിബ് എന്നെ കാണാൻ ഇവിടെ വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ആ മുറബ്ബി, ആ പ്രസംഗകൻ വലിയ സമർഥനാണ്.' യഥാർഥത്തിൽ ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തുന്നവർ അനഹ്മദി സ്കോളർമാരുടെ മുമ്പിൽ ചില കാര്യങ്ങൾ പറഞ്ഞ് അവരുടെ തെളിവുകൾ ഖണ്ഡിക്കാറുണ്ട്. അല്ലെങ്കിൽ അവരുടെ കൈയിൽ അതിന് തെളിവുകൾ ഉണ്ടാകില്ല. പക്ഷേ, ജമാഅത്തിന്റെ കൈയിൽ അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നല്കിയ അറിവുകൾ എത്രയാണെന്നുവെച്ചാൽ നല്ലവണ്ണം തയ്യാറെടുപ്പ് നടത്തുകയാണെങ്കിൽ ആരുടേയും വായടപ്പിക്കാവുന്നതാണ്. അവരുടെ മുമ്പിൽ ആർക്കും നിൽക്കാൻ സാധ്യമല്ല.

അതുകൊണ്ട് നമ്മുടെ മതപരമായ അറിവ് വർധിക്കുന്നതിനും അതിനോടൊപ്പംതന്നെ ആ ഗ്രന്ഥങ്ങൾ കാരണത്താൽ നമ്മുടെ ആത്മീയതയിൽ അഭിവൃദ്ധിയുണ്ടാകുന്നതിനുംവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുക എന്നതും നമുക്ക് നിർബന്ധമാണ്.

പഴയ ആളുകളിൽ ഉണ്ടായിരുന്ന തബ്‌ലീഗിന്റെ താൽപര്യം എത്രമാത്രമായിരുന്നുവെന്ന് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു. 'ഞാൻ കുട്ടിയായിരുന്നു. കുട്ടിക്കാലത്ത് കുറച്ച് സുഹൃത്തുക്കളുമായി ചേർന്ന് ഞാനൊരു കമ്മിറ്റി ഉണ്ടാക്കി. 'തശ്ഹീദുൽ അദ്ഹാൻ' മാസിക ഞങ്ങൾ ഇറക്കി.' പിന്നീട് പറയുന്നു: 'എന്റെ അക്കാലത്തെ സുഹൃത്തുക്കളിൽ ഒരാൾ ചൗദ്‌രി ഫത്ഹെ മുഹമ്മദ് സാഹിബ് സിയാലുമായിരുന്നു.' (അദ്ദേഹം പിന്നീട് യു.കെ.യിലും മുബല്ലിഗായി വന്നിട്ടുണ്ട്) പറയുന്നു: 'അദ്ദേഹത്തിന്റെ മകൾ ചൗദ്‌രി അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ വീടരാണ്.' (ചൗദ്‌രി അബ്ദുല്ലാഹ് ഖാൻ സാഹിബുമായി അവരുടെ വിവാഹം നടന്നിരുന്നു. ചൗദ്‌രി അബ്ദുല്ലാഹ് ഖാൻ സാഹിബ്, ചൗദ്‌രി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ ഇളയ സഹോദരനായിരുന്നു.) പറയുന്നു: 'ഒരിക്കൽ ചൗദ്‌രി അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ ഭാര്യ എന്നോട് പറഞ്ഞു, 'പിതാവിനെ(ചൗദ്‌രി ഫത്ഹെ മുഹമ്മദ് സാഹിബ് സിയാലിനെ) താങ്കൾ നാളിർ അഅ്‌ലാ ആക്കിയിരിക്കുന്നു. (ഒരുകാലത്ത് അവിടെ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നാളിർ അഅ്‌ലാ ആയും നിയമിച്ചിരുന്നു) "അപ്പോൾ അദ്ദേഹം വീട്ടിൽ വളരെ വിഷമം പ്രകടിപ്പിച്ചിരുന്നു. അതായത് താൻ തബ്‌ലീഗിനുവേണ്ടിയാണ് ജീവിതം വഖ്ഫ് ചെയ്തത്. അദ്ദേഹമാണെങ്കിൽ തന്നെ കസേരയിൽ കൊണ്ടുവന്നിരുത്തി എന്നു പറഞ്ഞ് വിഷമം പറയുമായിരുന്നു."(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:) 'മറുഭാഗത്ത് വഖ്ഫെ സിന്ദഗിക്ക് വിലയുണ്ടാകേണ്ടതാണെന്ന് പറഞ്ഞ് എനിക്കെഴുതുന്ന ആളുകളും നമ്മുടെ ജമാഅത്തിൽ ഉള്ളതായി ഞാൻ കാണുന്നു.' (അൽഫള്ൽ, 22.10.1955, വാല്യം 9/44, നമ്പർ 247, പേജ് 6)

അതുകൊണ്ട് പഴയകാല ആളുകളിൽ തബ്‌ലീഗിന് എത്രമാത്രം താൽപര്യമാണുണ്ടായിരുന്നതെന്ന പാഠവും ഇതിലുണ്ട്. ഓഫീസുകളിൽ നിയമിക്കുന്നതിനേക്കാൾ അവർ അതിനാണ് മുൻഗണന നൽകിയിരുന്നത്. എന്നാൽ, തങ്ങളെ കേന്ദ്രഓഫീസുകളിൽ വെക്കാനാണ് ഇവിടെ ചിലപ്പോൾ ചിലയാളുകൾ പറയുന്നത്.

ഇതിനുപുറമെ, മുറബ്ബിമാരേയും മുബല്ലിഗുമാരേയും ജമാഅത്തുകൾ ഏതുരീതിയിലാണോ കാണേണ്ടത് ആ രീതിയിൽ ചിലയിടങ്ങളിൽ കാണുന്നില്ല എന്ന കാര്യവും ഓർമ വെക്കേണ്ടതാണ്. അതായത് ജമാഅത്തംഗങ്ങൾ തങ്ങളുടെ മുറബ്ബിമാരേയും മുബല്ലിഗുമാരേയും പരിഗണിക്കേണ്ടതുപോലെ പരിഗണിക്കുന്നില്ല. ഇതു സംബന്ധമായി ചിലയിടങ്ങളിൽനിന്ന് പരാതികൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനോടൊപ്പം മുറബ്ബിമാർക്കും മുബല്ലിഗുമാർക്കും ജമാഅത്തുകളിൽ തങ്ങളുടെ അന്തസ്സ് നിലനിറുത്തുന്നതിന് വൈജ്ഞാനികവും ആത്മീയവുമായ അടിസ്ഥാനത്തിൽ ഉന്നത സ്ഥാനം കരസ്ഥമാക്കൻ ശ്രമിക്കണമെന്ന ഉത്തരവാദിത്വവുമുണ്ടെന്ന  കാര്യവും ഞാൻ പറയുകയാണ്. ഇക്കാര്യം അവരിൽ ഉത്തരവാദിത്വവും ഇട്ടുകൊണ്ടിരിക്കുന്നു. ഒരിക്കലും ഒരു ജമാഅത്തംഗത്തിനും അവരെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തെറ്റായ കാര്യം പറയാൻ തന്റേടമുണ്ടാകരുത്. ചിലയിടങ്ങളിൽ ചില സംഘാടകർ മുറബ്ബിമാരെക്കുറിച്ച് തെറ്റായകാര്യങ്ങൾ പറയാറുണ്ട്. മുറബ്ബിമാർ പരിഷ്കരണത്തിനുവേണ്ടി ശ്രമിക്കുമ്പോൾ അവർക്കെതിരെ സംസാരിക്കാൻ തുടങ്ങുന്നു.

ദുആ സ്വീകാര്യതയുടെ രഹസ്യമെന്താണ്? ഇതിന്റെ യുക്തി വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ് (അ)ഇത്തരം അടയാളം കാണിക്കാനാണ് വന്നത്. അത്തരം ആളുകളെ സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു ലക്ഷ്യം. അവരുടെ ദുആകൾ മുഖേന അല്ലാഹു ലോകത്ത് വലിയ വലിയ വിപ്ലവം ഉണ്ടാക്കണം. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞ ഫാർസി ഉദ്ധരണിയുടെ തർജമ ഇപ്രകാരമാണ്:

*"മുഴുലോകത്തിനും ചെയ്യാൻ പറ്റാത്തത് ഒരു ദുആകൊണ്ട് ചെയ്യാൻ കഴിയും."*

ഇതിന്റെ അർഥം മുഴുലോകത്തിനും ചെയ്യാൻ കഴിയാത്തത് ഒരു ദുആകൊണ്ട് സാധ്യമാകുമെന്നാണ്. എന്നാൽ, ഇതിന്റെ ഉദ്ദേശ്യം അല്ലാഹു എല്ലാ ദുആകളും നിർബന്ധമായും സ്വീകരിക്കുന്നുവെന്നല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൻ സ്വാഹിബ്സാദ മിർസാ മുബാർക്ക് അഹ്മദ് സാഹിബ് വഫാത്തായി. മൗലവി അബ്ദുൽകരീം സാഹിബും വഫാത്തായി. അവിടന്ന് അവർക്കുവേണ്ടി ദുആയും ചെയ്തിരുന്നു. എന്നിട്ടും വഫാത്തായി. ഇതും അദ്ദേഹത്തിന്റെ ഒരു അടയാളമാണ്. കാരണം ഹദ്റത്ത് മുബാറക്ക് അഹ്മദിനെ സംബന്ധിച്ച് അദ്ദേഹം കാലേകൂട്ടിത്തന്നെ പറഞ്ഞിരുന്നതാണ്. ഏതെങ്കിലും കാര്യം കാലേകൂട്ടി പറയപ്പെടുമ്പോൾ അത് ദൃഷ്ടാന്തമായി ഭവിക്കുന്നു. എല്ലാ ദുആകളും സ്വീകരിക്കപ്പെടാറില്ല. എല്ലാ ദുആകളും നിഷേധിക്കപ്പെടുകയുമില്ല. എന്നാൽ, ഏതൊരു ദുആ സ്വീകരിക്കണമെന്നാണോ അല്ലാഹു തീരുമാനിക്കുന്നത് അത് തീർച്ചയായും സ്വീകരിക്കപ്പെടും. അതിനെ ആർക്കും തടയാൻ സാധിക്കുകയില്ല."

പിന്നീട് പ്രാർഥനകളുടെ സ്വീകാര്യതയെ സംബന്ധിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ മേലുള്ള പേഗാമികളുടെ ഒരു ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് അവിടന്ന് പറയുന്നു: 'അടയാളം പൂർത്തിയായിട്ടുണ്ടോ എന്ന് ചോദിച്ച് അവർ ആക്ഷേപമുന്നയിച്ചിരിക്കുന്നു.' പറഞ്ഞു: ' ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഇറങ്ങിയ അല്ലാഹുവിന്റെ കൃപാകടാക്ഷത്തെ മുന്നോട്ടുകൊണ്ടുപോകേണ്ടത് നിർബന്ധമാണ്. നിങ്ങൾ മുഖേന ഇത് മുന്നോട്ടു പോകുകയില്ലെന്ന് പറയാൻ പേഗാമികൾക്ക് അവകാശമുണ്ട്. (അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയെക്കുറിച്ച് അവർക്ക് ഇങ്ങനെ പറയാവുന്നതാണ്. പറയുന്നു: എന്നെക്കുറിച്ച് ഞാൻ മുഖേന ഇത് മുന്നോട്ട് പോകുകയില്ലെന്ന് പറഞ്ഞുകൊള്ളുക) എന്നാൽ, അവർ എനിക്കെതിരിൽ തങ്ങളുടെ ഇമാമിനെ അല്ലെങ്കിൽ നേതാവിനെ അവതരിപ്പിക്കുക എന്നതാണ് നിർബന്ധമായിട്ടുള്ള കാര്യം. മറ്റെവിടെയെങ്കിലും അയാൾ മുഖേന ഈ അനുഗ്രഹങ്ങളുടെ പ്രകടനമുണ്ടാകുന്നുണ്ടോ എന്ന് കാണിക്കുക. യഥാർഥത്തിൽ അല്ലാഹു അയാൾ മുഖേന ഭാവിയിലെ കാര്യങ്ങളെ സംബന്ധിച്ച് അറിവുകൾ പ്രകടിപ്പിക്കുകയും അയാളുടെ ദുആകൾക്ക് അസാധാരണമായ നിലയിൽ സ്വീകാര്യം നൽകുകയും ചെയ്യുകയാണെങ്കിൽ നാം തെറ്റിലാണുള്ളതെന്ന് അംഗീകരിക്കുന്നതാണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം സ്ഥാപിതമാണ്. (മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുമേൽ പോറലേൽക്കുന്ന ഇത്തരം ആക്ഷേപങ്ങൾ ചെയ്യാതിരിക്കുക. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചതാണെന്ന് നിങ്ങൾ ഒരുഭാഗത്ത് അംഗീകരിക്കുന്നു. മുജദ്ദിദെന്ന നിലയിൽ വിശ്വസിക്കുകയാണെങ്കിലും വേണ്ടില്ല. എന്തായാലും അദ്ദേഹം സത്യവാനായിരുന്നുവെന്നും അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കപ്പെട്ടിരുന്നുവെന്നും അദ്ദേഹം പ്രവചനം ചെയ്തിരുന്നുവെന്നും വിശ്വസിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ പറയുന്ന കാര്യം അംഗീകരിക്കുന്നില്ലെങ്കിൽ അംഗീകരിക്കേണ്ട എന്നതാണ് പ്രഥമ കാര്യം. ഒന്ന് നിങ്ങൾ ഏതെങ്കിലും ഇമാമിനെ എന്റെ മുമ്പിൽ കൊണ്ടുവരിക. ഏതെങ്കിലും നേതാവിനെ എന്റെ മുമ്പിൽ അവതരിപ്പിക്കുക. എന്നിട്ട് അയാളുടെ ദുആ അല്ലാഹു സ്വീകരിക്കുന്നുണ്ടെന്ന് സ്ഥാപിച്ചു കാണിക്കുക. അങ്ങനെ അയാളുടെ പ്രാർഥനകൾ അല്ലാഹു സ്വീകരിക്കുന്നുവെന്ന് സ്ഥാപിച്ചുകാണിക്കുകയാണെങ്കിൽ ഞാൻ അത് അംഗീകരിക്കുന്നതിൽ ആക്ഷേപമുന്നയിക്കുകയില്ല. എന്നല്ല, നാം തെറ്റിലാണെന്ന് അംഗീകരിക്കുകയും ചെയ്യും. പക്ഷേ അടയാളം പൂർത്തിയാകുന്നില്ലെന്ന് നിങ്ങൾ പറയുകയാണെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുമേലുള്ള ആക്ഷേപമായിരിക്കും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'വാതിലുകൾതന്നെ അടച്ചിരിക്കുന്ന അവസ്ഥയാണ് ഇവരുടേത്.' (അൽഫദ്ൽ, 1940 ജൂലൈ 12) ഒരുകാര്യവും കേൾക്കാൻതന്നെ ആഗ്രഹിക്കുന്നില്ല. ബുദ്ധിപരമായി ഒരു കാര്യം പറയാനും ആഗ്രഹിക്കുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞ കൂടുതൽ ചില ചെറിയ ചെറിയ  സംഭവങ്ങളുണ്ട്. ഉദാഹരണങ്ങളുണ്ട്. അതിലൊന്ന് കൂനുള്ള ഒരു സ്ത്രീയുടെ ഉദാഹരണമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ)കൂനുള്ള ഒരു വൃദ്ധയുടെ ഉദാഹരണം പറയാറുണ്ടായിരുന്നു. (അവരുടെ പുറത്ത് കൂനുണ്ടായിരുന്നു.) നിന്റെ പുറം നേരെയാകണമെന്നാണോ അതല്ല എല്ലാവരും നിന്നെപ്പോലെ  കൂനുള്ളവരാകണമെന്നാണോ  നിന്റെ ആഗ്രഹമെന്ന് ആരോ അവ

## ഇർശാദുന്നബ്‌വി(സ)

"നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു." (ബുഖാരി)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസ്സാരമാക്കിത്തള്ളരുത്; അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"സ്വർഗം ഓരോരുത്തരോടും ചെരുപ്പിന്റെ വാറിനെക്കാൾ കൂടുതൽ അടുത്തിരിക്കുന്നു; അപ്രകാരംതന്നെ നരകവും." (ബുഖാരി)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

രോടു ചോദിച്ചു. ചിലയാളുകൾ പിടിവാശിക്കാരായിട്ടുണ്ടാകും. (അസൂയ ഉള്ളവരുമുണ്ടാകും). അവർ പറഞ്ഞു, കാലങ്ങളായിട്ടു ഞാൻ കൂനി തന്നെയാണ്. ആളുകൾ എന്റെ കൂനുകണ്ട് പരിഹസിക്കുകയും തമാശയാക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇനിയിപ്പോൾ ഇത് ശരിയാകുന്ന അവസ്ഥയില്ല. (എന്റെ കൂന് അങ്ങനെതന്നെയുണ്ടാകും. ഇപ്പോൾ ഞാൻ വൃദ്ധയുമായിരിക്കുന്നു). എല്ലാവരും കൂനുള്ളവരാകുകയാണെങ്കിൽ അതായിരിക്കും കാണാൻ രസം. എന്നാൽ, എനിക്കും അവരെക്കണ്ട് ചിരിച്ച് സന്തോഷിക്കാമല്ലോ?' അവിടന്ന് പറയുന്നു: "ഇതുപോലുള്ള ചില അസൂയാലുക്കളുണ്ട്. (അസൂയവച്ചു പുലർത്തുന്ന സ്വഭാവക്കാരുണ്ട്.) അവർക്ക് തങ്ങളുടെ ബുദ്ധിമുട്ട് അകലണമെന്ന വിചാരമുണ്ടാകുകയില്ല. മറിച്ച് അവർ ആഗ്രഹിക്കുന്നത് മറ്റുള്ളവർ ബുദ്ധിമുട്ടുകളിൽ അകപ്പെടണമെന്നാണ്." (1961 അൽഫള്ൽ ആഗസ്റ്റ് 2 വാല്യം 15/5 നമ്പർ177 പേജ് 5)

അത്തരം അസൂയാലുക്കളിൽനിന്ന് രക്ഷപ്പെടുന്നതിനും നമ്മൾ ഓരോരുത്തരും ദുആ ചെയ്യേണ്ടതാണ്. നമ്മൾ അത്തരം കാര്യങ്ങൾ പറയുന്ന അസൂയാലുക്കളിൽ ഒരിക്കലും പെടാതിരിക്കുന്നതിനും ദുആ ചെയ്യേണ്ടതാണ്.

പിന്നീട് ഒരു അന്ധന്റെ ചൊല്ല് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ) കേൾപ്പിക്കാറുണ്ടായിരുന്നു. ഒരു അന്ധനുണ്ടായിരുന്നു. അയാൾ രാത്രിനേരത്ത് ആരോടോ സംസാരിക്കുകയായിരുന്നു. ഒരാളുടെ ഉറക്കം അതുകൊണ്ട് വഷളായിക്കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഹാഫിള് ജീ! ഉറങ്ങുക.' ഹാഫിള് സാഹിബ് പറഞ്ഞു: നമ്മുടെ ഉറക്കം എന്താണ്? മിണ്ടാതിരിക്കുക തന്നെ. പറഞ്ഞതിന്റെ ഉദ്ദേശ്യമിതായിരുന്നു, കണ്ണടയ്ക്കുന്നതിനും മിണ്ടാതിരിക്കുന്നതിനുമുള്ളതിന്റെ പേരാണല്ലോ ഉറക്കം എന്നത്. എന്റെ കണ്ണുകൾ പണ്ടേ അടഞ്ഞതാണ്. ഇനി മിണ്ടാതിരിക്കണം. അല്ലാതെന്താണ്? (ഞാൻ മിണ്ടാതിരുന്നുകൊള്ളാം.) അവിടന്ന് പറയുന്നു: "(ബുദ്ധിമുട്ടുണ്ടാക്കുന്ന) ഈ അവസ്ഥകൾ മുഅ്മിന് ബുദ്ധിമുട്ടിന് കാരണമാകുകയില്ല. കാരണം താൻ മുമ്പേ ഇതിന്റെ ശീലമുള്ള ആളാണെന്നാണ് അവൻ പറയുന്നത്. ലോകം മുഅ്മിനെ കൊല്ലാനാഗ്രഹിക്കുന്നതുപോലെ! അപ്പോൾ അവൻ ചോദിക്കുന്നു, എന്നെ കൊന്നിട്ട് നീ എന്തു നേടാനാണ്? കാരണം ഞാൻ മുമ്പേ അല്ലാഹുവിനുവേണ്ടി മരിച്ചവനാണ്. (അല്ലാഹു എന്താണോ ആഗ്രഹിക്കുന്നത് അതു ചെയ്യാൻ ഞാൻ തയ്യാറായിരിക്കും. അവനുവേണ്ടി എന്റെ ജീവനും ഹാജറാണ്.) അവിടന്ന് പറയുന്നു: "ലോകം മരണംകണ്ട് പരിഭ്രമിക്കുന്നു. എന്നാൽ, ഒരു മുഅ്മിനെ ലോകം കൊല്ലാനാഗ്രഹിക്കുമ്പോൾ അവൻ അല്പംപോലും പരിഭ്രമിക്കുകയില്ല. മറിച്ച് അവൻ പറയുന്നത്, ഞാൻ ഇസ്‌ലാം സ്വീകരിച്ച ആ ദിവസംതന്നെ മരിച്ചു കഴിഞ്ഞുവെന്നാണ്. വ്യത്യാസം ഇത്രമാത്രമായിരുന്നു, അതായത് പിന്നീട് ഞാൻ നടക്കുകയും കറങ്ങുകയും ചെയ്യുന്ന ശവമായിരുന്നു. ഇപ്പോൾ നിങ്ങളെന്നെ മണ്ണിനുള്ളിൽ മറയടക്കുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം കൂടുതൽ വ്യത്യാസമൊന്നുമില്ല."(1943 അൽഫള്ൽ മെയ് 23 വാല്യം 31 നമ്പർ 122 പേജ് 6) യഥാർഥ മുഅ്മിന്റെ ചിന്ത ഇതായിരിക്കും.

പിന്നീട് ഒരു ഉദാഹരണം അവിടന്ന് നല്കുന്നു. പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) കേൾപ്പിക്കാറുണ്ടായിരുന്നു: "ഒരു സ്ത്രീ ഒരു വിവാഹത്തിൽ പങ്കെടുത്തു. പിശുക്കിയായിരുന്നു. പക്ഷേ, അവരുടെ ജ്യേഷ്ടന്റെ ഭാര്യ ഉത്സാഹിയായിരുന്നു. ഉത്സാഹി എന്നതിന്റെ ഉദ്ദേശ്യം സമ്മാനം കൊടുക്കാൻ തൽപരയായിരുന്നു എന്നാണ്. ആ സ്ത്രീ ആ വിവാഹത്തിന് ഒരു രൂപയുടെ സമ്മാനം കൊടുത്തു. എന്നാൽ, അവരുടെ ജ്യേഷ്ടഭാര്യ 20 രൂപയുടെ സമ്മാനമാണ് കൊടുത്തത്. അവർ തിരിച്ചു വന്നപ്പോൾ ആരോ ആ പിശുക്കിയോടു ചോദിച്ചു: "നീ വിവാഹത്തിന് എന്താണ് ചെലവാക്കിയത്?" അപ്പോൾ അവർ പറഞ്ഞു, 'ഞാനും എന്റെ ജ്യേഷ്ടന്റെ ഭാര്യയും കൂടി 21 രൂപ കൊടുത്തു.'(1944 അൽഫള്ൽ ജൂൺ 15 വാല്യം 32 നമ്പർ 38 പേജ് 4).

എന്നാൽ, ജമാഅത്തിന്റെ മൊത്തത്തിലുള്ള ചന്ദയെ തങ്ങളുടെ പേരിലാക്കി പറയുന്ന സമ്പന്നരായ ചില പിശുക്കന്മാരുമുണ്ട്. ഈ ഉദാഹരണങ്ങളും മുമ്പിൽ വരാറുണ്ട്. തങ്ങളുടെ പേരിൽ പറയുന്നില്ലെങ്കിലും തീർച്ചയായും പ്രകടിപ്പിക്കാറുണ്ട്; ഞങ്ങളുടെ ജമാഅത്ത് ഇത്രകൊടുത്തെന്ന്. അവരുടെ ജമാഅത്തിൽ അയാളാണ് ഏറ്റവും കൂടുതൽ ചന്ദ കൊടുത്തതെന്ന് വരുത്തിത്തീർക്കുന്നതുപോലെ. വാസ്തവത്തിൽ ആ ചന്ദകൊടുത്തവരിൽ അധികവും സാധുക്കളായിരിക്കും. സമ്പന്നൻ അതനുസരിച്ച് കൊടുക്കുന്നുണ്ടാവില്ല.

ഒരിക്കൽ കളിയിൽ ചില തെറ്റായ കാര്യങ്ങളുണ്ടായി. ദീൻ ശ്രദ്ധിക്കപ്പെട്ടില്ല. ജമാഅത്തിന്റെ പാരമ്പര്യവും ശ്രദ്ധിക്കപ്പെട്ടില്ല. അതിൽ മുന്നറിയിപ്പ് നല്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവരോടു പറഞ്ഞു:"നോക്കൂ! ചിരിക്കുകയും തമാശ പറയുകയും ചെയ്യുന്നത് അനുവദനീയമാണ്. വിരോധമല്ല. നബി(സ)തിരുമേനിയും തമാശ പറയാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തമാശ പറയാറുണ്ടായിരുന്നു. നാമും തമാശ പറയാറുണ്ട്. നാം തമാശ പറയാറില്ലെന്ന് പറയുന്നില്ല. നാം ധാരാളം തമാശ പറയാറുണ്ട്. എന്റെ മക്കളോടും ഭാര്യമാരോടും ബന്ധുക്കളോടും തമാശ പറയുന്നു. (ബന്ധുമിത്രാദികളോടു തമാശ പറയുന്നു). പക്ഷേ, അതിൽ ആരേയും നിന്ദിക്കുന്ന രീതിയിൽ പറയാറില്ല. (അവരുടെ അഭിമാനത്തിന് കോട്ടംതട്ടുന്ന രീതിയിൽ പറയാറില്ല. അങ്ങനെയുള്ള തമാശ ശരിയല്ല.) ഇനി നാവിൽനിന്ന് നിന്ദിക്കുന്ന രീതിയിലുള്ള അത്തരം വാക്യം പുറപ്പെട്ടാൽ ഇസ്തിഗ്ഫാർ ചെയ്യുന്നു. (ഇത് എല്ലാവരും ചെയ്യേണ്ടതാണ്. അബദ്ധത്തിൽ അങ്ങനെ സംഭവിച്ചാൽ ആർക്കെങ്കിലും വിഷമമുണ്ടായാൽ ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. ഒരു കളിയെ ഉദ്ധരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'അവിടെ ഒരു കളി നടക്കുകയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിൽ ഒരു കാര്യമുണ്ടായി.' പറയുന്നു: 'ഞാൻ കളികളെ മോശമായി മനസ്സിലാക്കുന്നില്ല. ചിരിക്കുകയും കളിക്കുകയും ചെയ്യുന്നത് അനുവദനീയമാണ്. അതനുവദനീയമല്ലെന്ന് ഞാൻ പറയുന്നില്ല.) പറയുന്നു:'നിങ്ങൾ ചിരിച്ചുകൊള്ളുക. കളിച്ചുകൊള്ളുക. പക്ഷേ, കളിയെ കളിയെന്നനിലയിൽ മാത്രം കാണണം. ആ സ്ഥാനത്ത് അതിനെ കാണുമ്പോൾ അത് ശരിയാണ്. പക്ഷേ, ഉപ്പയുടെ താടി പിടിച്ചും കളിക്കുകയാണെങ്കിൽ അത് അനുവദനീയമല്ല.' (അതായത് തന്റെ പിതാവിനേയും അനാദരിക്കാൻ തുടങ്ങിയാൽ പിന്നെ അതനുവദനീയമാകുകയില്ല) 'അല്ലാഹുവിന്റെ സ്ഥാനം അല്ലാഹുവിന് കൊടുക്കുക. ഫുട്ബോളിന്റെ സ്ഥാനം ഫുട്ബോളിനും കൊടുക്കുക. കവിയരങ്ങിന്റെ സ്ഥാനം കവിയരങ്ങിന് കൊടുക്കുക. പ്രവചനങ്ങളുടെ സ്ഥാനം പ്രവചനങ്ങൾക്ക് കൊടുക്കുക. (ചിലയാളുകൾ ഇത്തരം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇതിൽ പരിഹാസരൂപേണ അല്ലെങ്കിൽ അപഹസിക്കുന്ന രീതിയിൽ പ്രവചനങ്ങളുടെ ഉദ്ധരണി നൽകാൻ തുടങ്ങിയിരിക്കുന്നു). പറഞ്ഞു:'നിങ്ങൾക്ക് കളിയുടേയും പരിഹാസത്തിന്റേയും താല്പര്യമുണ്ടെങ്കിൽ ലാഹോറിൽ പോയി കവിയരങ്ങുകളിൽ പങ്കെടുക്കുക.'

(ലാഹോറിൽ കവിയരങ്ങ് നടക്കുമ്പോൾ ചില കവികൾ പരസ്പരം പരിഹസിക്കാറുണ്ട്. അതുകൊണ്ടാണ് കവിയരങ്ങുകളിൽ പോകാനും അങ്ങനെ നിങ്ങളുടെ താൽപര്യങ്ങൾ പൂർത്തിയാക്കാനും പറഞ്ഞത്. അനാവശ്യമായ കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിൽ അത്തരം കളികളിൽ പങ്കെടുക്കണമെങ്കിൽ പോവുക. മറ്റ് നഗരങ്ങളിൽപോയി അതിൽ പങ്കെടുക്കുക.) 'ഇനി നിങ്ങൾ ലാഹോറിൽപോയി അങ്ങനെ ചെയ്യുകയാണെങ്കിൽ (പ്രത്യേകിച്ചും ഖാദിയാനിലെ ആളുകൾക്ക് അവിടന്ന് ഉപദേശം നൽകുകയാണ്. ഇപ്പോൾ റബ്വ ഖാദിയാൻ തുടങ്ങിയ എവിടെയാണെങ്കിലും കേന്ദ്രമെന്ന നിലയിൽ ജമാഅത്തിന്റെ പരിപാടികളനുസരിച്ച് കളികളുടെ ഏർപ്പാടുകളാണെങ്കിലും അവർക്കും ഈ ഉപദേശം ബാധകമാണ്. അവിടെപോയി അങ്ങനെ ചെയ്യുകയാണെങ്കിൽ) ലാഹോറുകാരാണ് അങ്ങനെ ചെയ്തതെന്നായിരിക്കും ജനങ്ങൾ പറയുക. അഹ്മദികൾ അങ്ങനെ ചെയ്തെന്ന് ജനങ്ങൾ പറയുകയില്ല. എന്നാൽ ഇവിടെ അതിന്റെ പത്തിലൊന്ന് ചെയ്താലും ജനങ്ങൾ പറയുന്നത് അഹ്മദികളാണ് അത് ചെയ്തതെന്നായിരിക്കും. അതുകൊണ്ട് ഞാൻ നിങ്ങളെ ചിരിക്കുന്നതിൽനിന്ന് തടയുന്നില്ല. ഞാൻ പറയുന്നത് ജമാഅത്തിന് ദുഷ്പേരിനുകാരണമാകും വിധം ചിരി അതിരു കടക്കരുതെന്നാണ്." (1952 അൽഫള്ൽ മാർച്ച് 12 വാല്യം 40/6 നമ്പർ 62 പേജ് 4)

ഇപ്പോൾ ലോകത്ത് ജമാഅത്തുപരമായ നിലയിൽ ഖാദിയാനിലോ റബ്വയിലോ മാത്രമല്ല മറ്റു സ്ഥലങ്ങളിലും കായികമത്സരങ്ങൾ നടക്കാറുണ്ട്. ജമാഅത്തു തലത്തിലായിരിക്കും സംഘടിപ്പിക്കുന്നത്. അവിടെ എന്തെങ്കിലും ഇത്തരം കാര്യമുണ്ടായാൽ ചിലപ്പോൾ ജമാഅത്തിന് ദുഷ്പേരുണ്ടാകുന്നു. അതുകൊണ്ട് എല്ലായിടത്തും ഇത്തരം കാര്യങ്ങൾ സൂക്ഷിക്കേണ്ടതാണ്.

നമ്മുടെ എല്ലാ കർമങ്ങളിലും ഇക്കാര്യത്തിന്റെ പ്രകടനമുണ്ടാകേണ്ടതാണ്. കളിതമാശയാണെങ്കിലും വേണ്ടില്ല, വിനോദങ്ങളാണെങ്കിലും വേണ്ടില്ല, കവിയരങ്ങുകളാണെങ്കിലും വേണ്ടില്ല നമ്മൾ ജമാഅത്തിന്റെ അന്തസ്സിന് ക്ഷതമേല്പിക്കാൻ ഇടനല്കരുത്. അതിന്റെ അന്തസ്സിനെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതിന്റെ അഭിമാനത്തെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്ന ചില കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.




## ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ ആരേയും ആക്രമിക്കുകയില്ല. നിങ്ങളും ആരേയും ആക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ തീറ്റിയിട്ടില്ലെങ്കിൽ നിങ്ങളെല്ലാം വിശന്നു വലയുന്നവരാണ്. നിങ്ങളെന്നോടു ഭക്ഷണം ചോദിക്കുക. ഞാൻ നിങ്ങൾക്ക് ഭക്ഷണം തരുന്നതാണ്."

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ സന്മാർഗ ദർശനം ചെയ്തില്ലെങ്കിൽ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. നിങ്ങളെന്നോടു ഹിദായത്ത് തേടുക. ഞാൻ ഹിദായത്ത് നല്കുന്നതാണ്." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

## ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഞാൻ രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് നിങ്ങൾക്കതിന്റെ പ്രതിഫലം ഞാൻ പൂർത്തീകരിച്ചു തരും.' (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

പ്രഭാഷണം:

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എവിടെയെങ്കിലും എപ്പോഴെങ്കിലും മസ്ജിദ് നിർമിക്കുമ്പോൾ അതൊരു ശാന്തിയുടെ ഗേഹമായിരിക്കും. അവിടെ വിശുദ്ധഖുർആനിന്റെ ഉന്നതാധ്യാപനങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾ അല്ലാഹുവിന്റെ ഇബാദത്തിനുവേണ്ടി സംഘടിക്കുന്നു. അതിനാൽ ഞങ്ങളുടെ മസ്ജിദുകളുടെ കവാടങ്ങൾ സമാധാനപ്രേമികളായ എല്ലാവർക്കുംവേണ്ടി തുറന്നുകൊടുക്കുന്നതാണെന്ന് വ്യക്തമായും മനസ്സിലാക്കിക്കൊള്ളുക.

**2016 മെയ് 14 ന് മാൽമോയിലെ(സ്വീഡൻ) മസ്ജിദ് മഹ്മൂദിന്റെ ഉൾഘാടനവേളയിൽ അമീറുൽമുഅ്മിനീന്റെ പ്രോജ്വലമായ പ്രഭാഷണം**

നിങ്ങളെല്ലാവരിലും അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും അനുഗ്രഹങ്ങളും വർഷിക്കുമാറാകട്ടെ. ഏറ്റവുമാദ്യം ഈ അവസരത്തിൽ ഞാൻ ഹൃദയംഗമമായ നിലയിൽ എന്റെ അതിഥികൾക്കും നന്ദി രേഖപ്പെടുത്തുകയാണ്. മാൽമോയിലെ നമ്മുടെ പുതിയ മസ്ജിദിന്റെ ഉദ്ഘാടനത്തിനുള്ള ക്ഷണം അവർ സ്വീകരിച്ചിരിക്കുന്നു. നിങ്ങളിൽ അധികമാളുകളും അഹ്മദിയ്യാ ജമാഅത്തുമായി ബന്ധംവെക്കുന്നവരല്ല. അതുകൊണ്ട് നിങ്ങളുടെ ഒരു ഇസ്‌ലാമിക പരിപാടിയിൽ പങ്കെടുക്കൽ വിളിച്ചോതുന്നത് നിങ്ങൾ സ്വതന്ത്ര ഹൃദയരുടെ ഉടമസ്ഥരും സഹിഷ്ണുത വഹിക്കുന്നവരുമാണെന്നാണ്. അതുകൊണ്ട് നിങ്ങൾ പ്രത്യേക നന്ദിക്കർഹരാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ നേരത്ത് ഇവിടെ ഇരിക്കുന്ന നിങ്ങളിൽ ചിലർ തങ്ങളുടെ മനസ്സുകളിൽ മസ്ജിദിന്റെ ഉദ്ഘാടനമാണെങ്കിലും ചില അപകടങ്ങളും ആശങ്കകളും വെച്ചുപുലർത്തുന്നവരായിട്ടുണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്. നമ്മുടെ മസ്ജിദിനെ സംബന്ധിച്ച് സംശയാലുക്കളുമാകാം. പ്രത്യേകിച്ചും മുസ്‌ലിംകളുമായി വളരെ വിരളമായി മാത്രം ബന്ധം വെക്കുന്നവരോ അല്ലെങ്കിൽ ഒട്ടും ബന്ധമില്ലാത്തവരോ ആയിട്ടുള്ളവർ! യൂറോപ്പിൽ അല്ലെങ്കിൽ വികസ്വര രാഷ്ട്രങ്ങളിൽ മസ്ജിദുകൾ ഉണ്ടാക്കാനേ പാടില്ലെന്നും അവർ മനസ്സിലാക്കുന്നുണ്ടാകും. അവർ മസ്ജിദുകളെ തങ്ങളുടെ ജനതയുടെ സമാധാനം കെടുത്തുന്നതും ശത്രുക്കളിൽ വർധനയുണ്ടാക്കുന്നതിന് കാരണവുമായിട്ടാണ് കരുതുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വളരെ വേദനയോടെ പറയേണ്ടിവരുന്നു. ഒരുപക്ഷേ, അത്തരമാളുളുടെ സംരക്ഷണം ഒരുപരിധിവരെ ചെയ്യുന്നുണ്ടെങ്കിൽത്തന്നെയും ചില നാമധാരികളായ മുസ്‌ലിംകൾ മസ്ജിദുകളെ തങ്ങളുടെ വിദ്വേഷപരമായ ഉദ്ദേശ്യങ്ങൾ നേടുന്നതിനുവേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത്തരക്കാർ ഉഗ്രവാദികൾക്കും ഭീകരവാദികൾക്കും അഭിവൃദ്ധി നല്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഏറ്റവുമാദ്യം ഞാൻ എന്റെ എല്ലാ അതിഥികൾക്കും ഈ നഗരവാസികൾക്കും ഉറപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്, ഈ മസ്ജിദിനെ നിങ്ങൾ ഭയക്കേണ്ട ഒരു ആവശ്യവുമില്ല. യഥാർഥ മുസ്‌ലീംകളും യഥാർഥ മസ്ജിദുകളും സമൂഹത്തിൽ വെറുപ്പും വിദ്വേഷവും പരത്തുന്നതിനുപകരം വെറും സ്നേഹവും ഇഷ്ടവും സാഹോദര്യവും പരത്തുന്നതാണ്. യാഥാർഥ്യമിതാണ്. ഏതെങ്കിലും യഥാർഥ മുസൽമാനുമായി ബന്ധപ്പെടുകയാണെങ്കിൽ അയാൾക്ക് അവനിൽനിന്ന് സമാധാനം മാത്രം കിട്ടേണ്ടതാണ്. അതുപോലെതന്നെ ആരെങ്കിലും മസ്ജിദിൽ പ്രവേശിക്കുകയാണെങ്കിൽ അവന് ശാന്തിയും സമാധാനവും കിട്ടേണ്ടതാണ്. അതിനു വിരുദ്ധമാണെങ്കിൽ അതിന്റെ അർഥം മസ്ജിദിനെ ജനവാസമാക്കുന്നത് യഥാർഥ മുസൽമാനല്ലെന്നാണ്. അവൻ ആലോചിച്ചും മനസ്സിലാക്കിയുമല്ല യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളെ ഉൾക്കൊള്ളുന്നത്. അല്ലെങ്കിൽ ആ മസ്ജിദ് സദുദ്ദേശ്യത്തോടുകൂടി നിർമിക്കപ്പെട്ടതല്ല. അല്ലെങ്കിൽ യഥാർഥമായ ഉദ്ദേശ്യങ്ങൾ സഫലീകരിക്കുന്നതിനുവേണ്ടി നിർമിക്കപ്പെട്ടതല്ല. ദ്രോഹം ഏതൊരു മസ്ജിദുകളിൽനിന്നാണോ പരക്കുന്നത് അവയ്ക്ക് ഇസ്‌ലാമിൽ ഒരു സ്ഥാനവുമില്ല. ഒരു ചരിത്രസംഭവത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽനിന്ന് വിവരം ലഭിക്കുന്നുണ്ട്. നബി(സ)തിരുമേനി ഒരു മസ്ജിദ് തകർത്തുകളയാൻ കല്പന പുറപ്പെടുവിച്ചിരുന്നു. കാരണം ആ മസ്ജിദ് ഒരു സമാധാനത്തിന്റെ സ്ഥലമെന്ന നിലയിൽ നിർമിക്കപ്പെട്ടതായിരുന്നില്ല. മറിച്ച്, കലഹവും കലാപവും പരത്തുന്നതിനുവേണ്ടി നിർമിക്കപ്പെട്ടതായിരുന്നു. കപടവിശ്വാസികളായിരുന്നു ആ മസ്ജിദ് നിർമിച്ചത്. അവർ ആ പ്രദേശത്തും ആ സമൂഹത്തിലെ മുസ്‌ലിംകളുടെ ഇടയിലും മുസ്‌ലിംകളുടെയും അമുസ്‌ലിംകളുടെയുമിടയിലും ഭിന്നിപ്പുണ്ടാക്കാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് ദോഷകരമായ ഉദ്ദേശ്യത്തോടെ നിർമിച്ചിട്ടുള്ള അത്തരം മസ്ജിദുകൾ തകർത്തുകളയേണ്ടതാണെന്ന് വിശുദ്ധഖുർആൻ വ്യക്തമായും വിശദീകരിച്ചു പറയുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അഹ്മദി മുസ്‌ലിംകളായ നമ്മൾ ദൃഢമായും വിശ്വസിക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) വിശുദ്ധഖുർആനും നബി(സ)തിരുമേനിയുടെ പ്രവചനവുമനുസരിച്ച് അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട ആളാണെന്നാണ്. ഞങ്ങൾ അദ്ദേഹത്തെ ഇക്കാലഘട്ടത്തിലെ പരിഷ്കർത്താവായി വിശ്വസിക്കുന്നു. അദ്ദേഹത്തെ നബി(സ)തിരുമേനി തന്നെയും അവസാനകാലത്തെ മസീഹും മഹ്ദിയും അതായത് സന്മാർഗം നേടിയ ആളെന്ന് പറഞ്ഞിരിക്കുന്നു. ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നത് ആ മഹാത്മാവ് രണ്ട് ഉദ്ദേശ്യങ്ങളോടുകൂടിയാണ് അയക്കപ്പെട്ടിട്ടുള്ളതെന്നാണ്. ഒന്ന് മനുഷ്യകുലത്തെ ദൈവത്തിന്റെ അടിമത്വത്തിൽ സംഘടിപ്പിക്കുക. രണ്ടാമത്തേത് പരസ്പരം അവകാശങ്ങൾ നിറവേറ്റുന്നതിനുവേണ്ടി മനുഷ്യകുലത്തെ ക്ഷണിക്കുക. മുഴുലോകത്തിനും ഒരു സമാധാന മാർഗമെന്ന നിലയിലാണ് അദ്ദേഹം അയക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ അനുയായികളും സമൂഹത്തിൽ പ്രതിപത്തിയുടേയും സ്നേഹത്തിന്റേയും വഴികൾ സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നവരാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ 127 വർഷത്തെ ചരിത്രം ഇക്കാര്യത്തിന് സാക്ഷിയാണ്. ഞങ്ങൾ എപ്പോഴും ഇതേ കാര്യമാണ് പ്രബോധിക്കുന്നത്. ഇതനുസരിച്ച് ഞങ്ങൾ സ്വയം പ്രവർത്തിക്കുന്നവരാണ്. ഞങ്ങൾക്ക് ഭൗതികപരമോ രാഷ്ട്രീയപരമോ ആയിട്ടുള്ള ലക്ഷ്യമൊന്നുമില്ല. മറിച്ച് ഞങ്ങളുടെ സന്ദേശം ശാന്തിയുടേയും അനുരഞ്ജനത്തിന്റേയും പരസ്പര സഹനത്തിന്റേയും സന്ദേശമാണ്. ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ അടിമുടി ആത്മീയമായ ഉദ്ദേശ്യങ്ങളാണ്. ഞങ്ങൾ ദൈവത്തിന്റെ പ്രീതി ആഗ്രഹിക്കുന്നു. മനുഷ്യകുലത്തിന്റെ ദുഃഖവും വേദനയും അവസാനിപ്പിക്കാനാഗ്രഹിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇക്കാലത്ത് ഇസ്‌ലാമിന്നെതിരിൽ ഒരുപാട് പറയപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ എഴുതപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിനെ ഒരു ഭീകരവാദ പ്രസ്ഥാനവും അക്രമംകാണിക്കുന്ന മതവുമാക്കിയിരിക്കുന്നു. ഈ അവസ്ഥയെ ഞങ്ങളൊരിക്കലും ഇസ്‌ലാമിന്റെ സത്യമായി മനസ്സിലാക്കുന്നില്ല. എന്നാൽ, ഒരു കയ്പേറിയ യാഥാർഥ്യമുണ്ട്. ചില നാമധാരികളായ മുസ്‌ലിംകളുടെ വിദ്വേഷവും പ്രവർത്തനങ്ങളും ഇസ്‌ലാം വിരോധികൾക്ക് ഇത്തരത്തിലുള്ള അബദ്ധജടിലമായ ആക്ഷേപങ്ങൾ ഇസ്‌ലാമിനുമേൽ ഉന്നയിക്കാൻ അനുവാദം നല്കിയിരിക്കുന്നു. എന്തായാലും ഒരു അഹ്മദി മുസ്‌ലിമായതുകൊണ്ട് ഞാൻ വർത്തമാനകാലത്തെ അവസ്ഥകളെ വിലയിരുത്തുമ്പോൾ എനിക്ക് നിരാശയൊന്നുമില്ല. മറിച്ച് ഈ അവസ്ഥകൾ ഇസ്‌ലാം സത്യമാണെന്ന എന്റെ വിശ്വാസത്തെ ദൃഢീകരിപ്പിക്കുന്നതാണ്. കാരണം 14 നൂറ്റാണ്ടുകൾക്ക് മുമ്പേ ഇസ്‌ലാംമത സ്ഥാപകർ ഇങ്ങനെ പ്രവചനം ചെയ്തിരുന്നു: കാലംകഴിഞ്ഞുപോകുന്നതിനോടൊപ്പം ഇസ്‌ലാമികാധ്യാപനങ്ങളും വികലമാക്കപ്പെടുന്നതാണ്. അതിന്റെ യഥാർഥമായ അധ്യാപനം മറന്നുപോകുന്നതാണ്. നബി(സ)തിരുമേനി പറഞ്ഞു: ആത്മീയമായ ആ ഇരുട്ടിന്റെ കാലഘട്ടത്തിൽ അല്ലാഹു യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളെ ആദ്യം മുതൽ ജീവിപ്പിക്കുന്നതിനുവേണ്ടി വാഗ്ദത്ത മസീഹിനെ അയക്കുന്നതാണ്. ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതുപോലെ ഞങ്ങൾ ജമാഅത്തിന്റെ സ്ഥാപകരെ വാഗ്ദത്ത മസീഹും വാഗ്ദത്ത മഹ്ദിയുമായിട്ട് വിശ്വസിക്കുന്നവരാണ്. അവിടന്ന് ആത്മീയമായ ദീപം മുഖേന ഇസ്‌ലാമിന്റെ മഹത്തായതും എന്നെന്നും നിലനില്ക്കുന്നതുമായ അധ്യാപനങ്ങളെ അനശ്വരമായ വെളിച്ചത്താൽ തിളക്കമാർന്നതാക്കി. അവിടന്ന് ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മസ്ജിദിന്റെ യഥാർഥ ഉദ്ദേശ്യം വിവരിച്ചുതന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എവിടെയെങ്കിലും എപ്പോഴെങ്കിലും മസ്ജിദ് നിർമിക്കുമ്പോൾ അതൊരു ശാന്തിയുടെ ഗേഹമായിരിക്കും. അവിടെ വിശുദ്ധഖുർആനിന്റെ ഉന്നതാധ്യാപനങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾ അല്ലാഹുവിന്റെ ഇബാദത്തിനുവേണ്ടി സംഘടിക്കുന്നു. അതിനാൽ ഞങ്ങളുടെ മസ്ജിദുകളുടെ കവാടങ്ങൾ സമാധാനപ്രേമികളും അല്ലാഹുവിനെ ആരാധിക്കാൻ ആഗ്രഹിക്കുന്നവരും ശാന്തി, സ്നേഹം, ഐക്യം തുടങ്ങിയ മൂല്യങ്ങൾ പരത്താൻ ആഗ്രഹിക്കുന്നവരുമായ എല്ലാവർക്കുംവേണ്ടി തുറന്നുകിടക്കുന്നതാണെന്ന് വ്യക്തമായും മനസ്സിലാക്കിക്കൊള്ളുക. ഇപ്പോൾ ഈ മസ്ജിദ് ഇവിടെ നിർമിച്ചിരിക്കുകയാണ്. ഇതിന്റെ പേര് മസ്ജിദ് മഹ്മൂദ് - സ്തുതിക്കർഹമായിട്ടുള്ള മസ്ജിദ്- എന്നാണ് വെക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് തദ്ദേശ ജമാഅത്തംഗങ്ങളുടെ ഒന്നാമത്തെ നിർബന്ധ കടമ അവരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും ഇസ്‌ലാമിന്റെ യഥാർഥവും സമാധാനനിർഭരവുമായ അധ്യാപനങ്ങളെ പ്രതിഫലിപ്പിക്കുന്നവയായിരിക്കണം എന്നതാണ്. ഒരു ഭാഗത്ത് അവർ ഈ മസ്ജിദിൽ ഓരോ ദിവസവും ദൈവത്തെ ആരാധിക്കാൻവേണ്ടി പ്രവേശിക്കുമ്പോൾ ഈ സമൂഹത്തിന് സേവനം ചെയ്യേണ്ടവരാണെന്ന മനോഭാവത്തോടും ദൃഢനിശ്ചയത്തോടുംകൂടിയായിരിക്കണം പ്രവേശിക്കേണ്ടത്. ഇതിന് രണ്ട് വഴികളുണ്ട്. അവരുടെ പെരുമാറ്റംകൊണ്ട് അയൽവാസികൾക്കും വിശാലമായ സമൂഹത്തിനും ശാന്തിയുടേയും കരുണയുടേയും ഗുണകാംക്ഷയുടേയും പ്രകടനവുമുണ്ടാകേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നത് വളരെ വ്യക്തമാണ്. വിശുദ്ധഖുർആനിലെ യൂനുസ് എന്ന അധ്യായത്തിലെ 26-ാം വചനത്തിൽ അല്ലാഹു പറയുന്നു: "അല്ലാഹു സമാധാനത്തിന്റെ വീട്ടിലേക്ക് വിളിക്കുന്നു." അറബിയിൽ സമാധാനത്തിന് 'സലാം' എന്ന പദമാണ് ഉപയോഗിക്കുന്നത്. ഈ ഒരു പദത്തിന് പല അർഥങ്ങളുമുണ്ട്. പല ഉള്ളടക്കങ്ങളുമുണ്ട്. ഇതിന്റെ അർഥം സംരക്ഷണവും സമാധാനവുമെന്നാണ്. എല്ലാതരത്തിലുള്ള തിന്മകളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും സുരക്ഷിതനായിരിക്കുക എന്നും അർഥമുണ്ട്. സമാധാനത്തെ പിൻപറ്റുക എന്നും അർഥമുണ്ട്. വാസ്തവത്തിൽ സലാം ദൈവത്തിന്റെ ഗുണനാമവുമാണ്. അതായത് സമാധാനത്തിന്റേയും ശാന്തിയുടേയും ഉറവിടം. മുസ്‌ലിംകൾ അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ സ്വായത്തമാക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അല്ലാഹു ശാന്തിയുടേയും സമാധാനത്തിന്റേയും ഉറവിടമാകുമ്പോൾ മുസ്‌ലീംകൾ തങ്ങളുടെ സമൂഹത്തിൽ ശാന്തി, സംരക്ഷണം, സമാധാനം തുടങ്ങിയവ ഉണ്ടാക്കിക്കൊടുക്കുക എന്നത് അവരുടെ നിർബന്ധകടമയാണ്. വീണ്ടും പറയുന്നു: മസ്ജിദിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം മുസ്‌ലിംകളെ നമസ്കാരത്തിന് വിളിക്കുകയെന്നും നമസ്കരിക്കുന്നതിന് സ്ഥലം സംഘടിപ്പിച്ചുകൊടുക്കുകയെന്നുമുണ്ട്. അറബിയിൽ നമസ്കാരത്തിന് 'സ്വലാത്ത്' എന്നാണ് പറയുന്നത്. ഇതിന്റെ അർഥം വാത്സല്യം, സ്നേഹം, സഹതാപം എന്നൊക്കെയാണ്. അതായത് ദയാലുവും, മറ്റുള്ളവരെ സഹായിക്കുന്നവനും സഹതാപിയും എല്ലാത്തരത്തിലുള്ള ദുസ്വഭാവങ്ങളും നിയമനിഷേധങ്ങളും വെടിയാനും സകല തിന്മയിൽനിന്നും അകന്നിരിക്കാനും ശ്രമിക്കുന്നവനുമാണ് ആത്മാർഥമായ മനോഭാവത്തോടുകൂടി നമസ്കരിക്കുന്ന മുസൽമാൻ. യഥാർഥ ആരാധകന്റെ ചുവട് തഖ്‌വയുടെ വഴികളിൽ ഒരിക്കലും ചാഞ്ചാടുകയില്ല. അവൻ തന്റെ പൂർണമായ കഴിവുകളോടുകൂടി സമൂഹത്തിന് സേവനം ചെയ്യുന്നു. ചുരുക്കി പറഞ്ഞാൽ തന്റെ ചുറ്റുവട്ടത്തുളളവരോടു സ്നേഹത്തിന്റേയും സഹതാപത്തിന്റേയും പ്രകടനം കാഴ്ചവെക്കുന്നവനാണ് യഥാർഥ മുസൽമാൻ. മുഴുവൻ മനുഷ്യകുലത്തിനും ശാന്തിക്കും സമാധാനത്തിനുമുള്ള കേന്ദ്രമാണ് ഒരു യഥാർഥ മസ്ജിദ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിന്റെ മറ്റൊരു സുവർണമായ നിയമമുണ്ട്. മുസ്‌ലീംകൾ അയൽവാസികളോടുള്ള കടമകൾ നിറവേറ്റുകയും ആവശ്യം വരുമ്പോൾ അവരെ സഹായിക്കുകയും അവർക്ക് സേവനം ചെയ്യുകയും ചെയ്യാൻ കല്പിക്കപ്പെട്ടിരിക്കുന്നു എന്നതാണത്. യഥാർഥത്തിൽ ഇസ്‌ലാമിന്റെ സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 11 August Issue-23

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

ഒരിക്കൽ പറഞ്ഞു: 'അല്ലാഹു അയൽവാസികളുടെ അവകാശങ്ങളെ എത്രത്തോളം താക്കീത് ചെയ്തു പറഞ്ഞിരിക്കുന്നുവെന്നാൽ, അയൽവാസികൾ അനന്തരാവകാശത്തിൽ പങ്കാളിയാക്കുമോ എന്നുപോലും തോന്നിപ്പോയി.'

പിന്നീട് അല്ലാഹു നിസാ എന്ന അധ്യായത്തിന്റെ 37-ാം വചനത്തിൽ പറയുന്നു: നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; അവനോട് മറ്റൊന്നിനേയും പങ്കുചേർക്കരുത്; മാതാപിതാക്കൾക്ക് നിങ്ങൾ ഒരുപാട് നന്മ ചെയ്യുക; അതുപോലെതന്നെ അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ, എന്നിവർക്കും(നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

നമ്മൾ ഈ വചനമോതുമ്പോഴും അതിൽ ചിന്തിക്കുമ്പോഴും നമുക്ക് അറിയാൻ കഴിയുന്നത് ഇസ്ലാം മനുഷ്യകുലത്തിന്റെ അവകാശങ്ങളിൽ എത്രമാത്രം സമ്മർദ്ദം ചെലുത്തുന്നുവെന്നാണ്. ഈ വചനത്തിൽ അല്ലാഹു അവനോടുള്ള കടമകളും അവന്റെ ദാസരോടുള്ള കടമകളും പരസ്പര പൂരിതങ്ങളായി നിശ്ചയിച്ചിരിക്കുന്നു. ഈ ആയത്തിൽനിന്ന് സ്ഥാപിതമാകുന്നത് നിങ്ങളുടെ മാതാപിതാക്കൾ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അനാഥർ, അഗതികൾ, അയൽവാസികൾ, കൂട്ടുകാർ, യാത്രക്കാർ, തുടങ്ങി സമൂഹത്തിലെ എല്ലാ മിസ്കീൻമാരുംവരെ - മനുഷ്യകുലത്തിലെ അവരുടെ ബന്ധം ഏത് വംശവും ജനതയും സത്തയുമായിട്ടാണെങ്കിലും സേവനം ചെയ്യുക എന്നത് മുസ്ലിംകൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്നാണ്. മുമ്പേ പറഞ്ഞുകഴിഞ്ഞതുപോലെ അയൽവാസികൾക്ക് സേവനം ചെയ്യുക മുസ്ലിമിന് നിർബന്ധകടമയാണ്. ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് അയൽവാസികളുടെ വൃത്തം വളരെ വിശാലമാണ്. നിങ്ങളുടെ തൊട്ടടുത്ത് താമസിക്കുന്നവർ മാത്രമല്ല അയൽവാസി. മറിച്ച് നിങ്ങളോടൊപ്പം ജോലിചെയ്യുന്നവർ തുടങ്ങി നിങ്ങളോടൊപ്പം യാത്ര ചെയ്യുന്നവർവരെ എല്ലാ ആളുകളും അതിൽപെടുന്നു. അതുകൊണ്ട് ഇസ്ലാമിന്റെ പക്കൽ സ്നേഹത്തിന്റെ വൃത്തത്തിന് ഒരു പരിധിയുമില്ല. അങ്ങനെ വരുമ്പോൾ ഒരു മുസൽമാന് മറ്റുള്ളവർക്ക് നഷ്ടം വരുത്താൻ എങ്ങനെയാണ് കഴിയുക? അല്ലെങ്കിൽ സമൂഹത്തിൽ ഛിദ്രതയും കുഴപ്പവും പരത്താൻ എങ്ങനെയാണ് കഴിയുക? വാസ്തവത്തിൽ ഇത് അസാധ്യമാണ്. കാരണം ഒരു വ്യക്തി യഥാർഥ മുസൽമാൻ എന്നു പറയപ്പെടുന്നത് അവൻ മറ്റുള്ളവരുടെ കടമകൾ നിറവേറ്റുമ്പോഴാണ്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'തീർച്ചയായും നിലവിലുള്ള അവസ്ഥകൾ നോക്കുമ്പോൾ നിങ്ങളിൽ ചിലയാളുകൾ പ്രത്യേകിച്ചും ഈ മസ്ജിദിന്റെ അയൽവാസികൾ - നേരിട്ട് അവരെയാണ് മസ്ജിദ് ബാധിക്കുന്നത്- ഒരുപക്ഷേ ഈ മസ്ജിദിനെ സംബന്ധിച്ച് ഭയക്കുന്നുണ്ടാകാം. ഏതൊരു കാര്യത്തെ സംബന്ധിച്ചാണോ നിങ്ങൾക്ക് അറിവില്ലാത്തത് അതിനെ ഭയപ്പെടുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് ഈ പുതിയ മസ്ജിദിന്റെ ഉദ്ഘാടനത്തോടുകൂടി അവരുടെ നഗരത്തിന്റെ സമാധാനം വഷളാകുമോ എന്ന് ഇതിന്റെ അയൽവാസികൾ പ്രയാസപ്പെടുന്നുണ്ടാകാം. എങ്കിലും ഞാനറിയുകയും ഞാൻ പ്രവർത്തിക്കുകയും ചെയ്യുന്ന ഈ ഇസ്ലാമിന്റെ അടിസ്ഥാനത്തിൽ ഈ മസ്ജിദ് സമാധാനത്തിന്റെ ഉറവിടമായി സ്ഥാപിക്കപ്പെടുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് തരാൻ ആഗ്രഹിക്കുകയാണ്. ഇതിൽനിന്ന് എപ്പോഴും സ്നേഹവും പ്രതിപത്തിയും പുറപ്പെടുന്നതായിരിക്കും. ഇൻശാഅല്ലാഹ്. നിങ്ങൾ ഇത് നേരിട്ട് കാണുന്നതാണ്. ഈ പ്രദേശത്ത് വസിക്കുന്ന അഹ്മദി മുസ്ലിംകൾ ശാന്തിയും സമാധാനവും പരസ്പരാദരവും പ്രചരിപ്പിക്കുന്നവരായിരിക്കും. മുമ്പത്തേക്കാളുപരി തങ്ങളുടെ അയൽവാസികൾക്ക് സേവനം ചെയ്യുന്നവരായിരിക്കും. കാരണം ഇക്കാര്യങ്ങളാണ് അവരുടെ മതം അവരോട് ആവശ്യപ്പെടുന്നത്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'അതുകൊണ്ട് ഇത് നിർമലവും ഉന്നതവുമായ അധ്യാപനങ്ങളാണ്. ഇത് അഹ്മദിയ്യാ ജമാഅത്ത് വെറും പ്രബോധിക്കുകയല്ല. മറിച്ച് അതിനേക്കാളുപരി ലോകത്തെല്ലായിടത്തും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഞങ്ങൾ ലോകം മുഴുവനും ആയിരക്കണക്കിന് മസ്ജിദുകൾ നിർമിച്ചുകഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ ഞങ്ങളുടെ ജമാഅത്തിനെ അറിയാൻ തുടങ്ങുമ്പോൾ അവരുടെ ഭയം പെട്ടെന്ന് അകലുന്നതാണ് നിങ്ങൾ എപ്പോഴും കണ്ടിട്ടുള്ളത്. അവർ ഞങ്ങളെ സമൂഹത്തിന്റെ പ്രധാന ഭാഗമായി മനസ്സിലാക്കി സ്വാഗതം ചെയ്യുന്നു. ഞങ്ങളെ ആദരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഈ പ്രാരംഭത്തിലുള്ള ഭയം പെട്ടെന്ന് അവസാനിക്കുന്നതായിരിക്കും. ഈ മസ്ജിദിൽനിന്ന് എല്ലാ ഭാഗത്തേക്കും മുഴങ്ങുന്ന സമാധാനത്തിന്റെ സന്ദേശം ഞങ്ങളുടെ അയൽവാസികളുടെ കണ്ണുകളുടെ നക്ഷത്രമാക്കിത്തീർക്കുന്നതാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് തങ്ങളുടെ മതകാര്യങ്ങൾ പ്രബോധിക്കുന്നതിലും മസ്ജിദുകൾ നിർമിക്കുന്നതിലും മാത്രമല്ല താൽപര്യമുള്ളവരെന്നും മറിച്ച്, ബുദ്ധിമുട്ടുകളിൽ അകപ്പെട്ട് കിടക്കുന്നവരുടെ വേദന അകറ്റുന്നതിനുവേണ്ടി പരിശ്രമിക്കുന്നവരാണെന്നും തികച്ചും നിരാശരായി കഴിഞ്ഞിട്ടുള്ളവർക്ക് പ്രതീക്ഷകൾ നൽകുന്നവരാണെന്നും തദ്ദേശവാസികൾ കാണുന്നതാണ്. ഞങ്ങൾ മസ്ജിദുകൾ മുഖേന സമൂഹത്തിലെ ദരിദ്രരുടേയും അശരണരുടേയും ഭാവി നന്നാക്കിത്തീർക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നു. ഈ പരിശ്രമങ്ങളുടെ ഫലമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലോകത്തിലെ ദൂരദൂര പ്രദേശങ്ങളിൽ സ്കൂളും ആശുപത്രികളും നിർമിച്ചിട്ടുണ്ട്. അവിടെയുള്ളവർ ലോകത്ത് തികച്ചും പിന്തള്ളപ്പെട്ട ജനവിഭാഗമാണ്. അവരുടെ വർണത്തിനും വംശത്തിനും മതത്തിനും ഉപരിയായി ചികിത്സയ്ക്കുള്ള സൗകര്യങ്ങളും വിദ്യാഭ്യാസവും സംഘടിപ്പിച്ചു നൽകുന്നു. ഈ സഹായപരമായ പ്രവർത്തനങ്ങളിൽ ഞങ്ങൾ ആളുകൾക്ക് അതായത് അങ്ങേയറ്റം അധഃപതിച്ചും നിരാശയുടെ അവസ്ഥകളിലും കഴിയുന്ന സാധുജനങ്ങൾക്ക് വാട്ടർപമ്പുകൾ വെച്ചുകൊടുക്കുകയും കുടിവെള്ളത്തിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. പൈപ്പുകളിൽനിന്ന് തുടർച്ചയായി വെള്ളം ഒഴുകുന്നതുകൊണ്ട് പാശ്ചാത്യദേശത്ത് താമസിക്കുന്നവർക്ക് വെള്ളത്തിന്റെ വില മനസ്സിലാകുക വളരെ പ്രയാസമാണ്. എന്നാൽ, നിങ്ങൾ ആഫ്രിക്കയിലെ അങ്ങേയറ്റം ദൂരദൂര പ്രദേശങ്ങളിൽ ചെന്ന് ഒന്നു നേരിട്ട് നിങ്ങളുടെ കണ്ണുകൾകൊണ്ട് കാണുക. എങ്ങനെയാണ് ചെറിയ ചെറിയ കുട്ടികൾ നിത്യവും നിരവധി കിലോമീറ്ററുകൾ താണ്ടി, തലകളിൽ വെള്ളത്തിന്റെ കുടവുമേറ്റി തങ്ങളുടെ വീടുകളിൽ വരുന്നതെന്ന്. അപ്പോഴായിരിക്കും നിങ്ങൾക്ക് ജലംപോലെയുള്ള അനുഗ്രഹത്തിന്റെ അളവ് മനസ്സിലാകുക. ഏതൊരു വെള്ളം ഏറ്റിക്കൊണ്ടുവരുന്നതിനുവേണ്ടിയാണോ അവർ ഇത്രമാത്രം കഷ്ടപ്പെടുന്നത് അത് ശുദ്ധമായിരിക്കണമെന്നുമില്ല. പൊതുവെ മലിനജലമായിരിക്കും. പലതരത്തിലുള്ള രോഗങ്ങൾക്കത് കാരണമായിത്തീരുന്നു. അതുകൊണ്ട് അഹ്മദി മുസ്ലിംകൾ തങ്ങളുടെ മതപരമായ അധ്യാപനങ്ങൾ കാരണത്താൽ അത്തരക്കാർക്ക് സഹായം ചെയ്യുകയും അവർക്ക് സൗഖ്യം എത്തിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഞങ്ങൾ ജനങ്ങളുടെ വിശ്വാസാദർശങ്ങൾക്കും മതത്തിനും അവരുടെ ചുറ്റുപാടുകൾക്കും അതീതമായി എല്ലാ ആവശ്യക്കാർക്കും സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഞങ്ങൾ എവിടെ മസ്ജിദ് നിർമിച്ചാലും അവിടത്തെ സമൂഹത്തേയും ചുറ്റുവട്ടത്ത് താമസിക്കുന്നവരേയും സഹായിക്കുന്നതിനുവേണ്ടി അനുകൂലമായ കാര്യങ്ങൾ ചെയ്യാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ മസ്ജിദ് ഇൻശാഅല്ലാഹ് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും കേന്ദ്രമായി സ്ഥാപിതമാകുമെന്ന് ഈ നഗരവാസികൾക്കും എല്ലാ സ്വീഡൻ ജനതക്കും വീണ്ടും ഒരിക്കൽകൂടി ഞാൻ ഉറപ്പ് നല്കുന്നു,

അമീറുൽ മുഅമിനീൻ പറഞ്ഞു: "ഞാൻ ഇവിടെ വസിക്കുന്ന അഹ്മദീ മുസ്ലിംകളോടും അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് പറയാനാഗ്രഹിക്കുന്നു. അവരിപ്പോൾ കൂടുതലായിട്ടുണ്ട്. നിങ്ങൾ പരസ്പരം ഒരാൾ മറ്റൊരാൾക്കുവേണ്ടി സ്നേഹം വർധിപ്പിക്കുന്നവരാകുന്നതോടൊപ്പം ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങളുടെ യഥാർഥ അംബാസിഡർമാരാകേണ്ടതും നിങ്ങളുടെ ചുമതലയാണ്. ഇത് എല്ലാ അഹ്മദികളുടേയും നിർബന്ധകടമയാണ്. നിങ്ങളുടെ നല്ല പെരുമാറ്റങ്ങളും മാതൃകയും മുഖേന ആ എല്ലാ ഭയങ്ങളും എല്ലാ ആശങ്കകളും അകറ്റേണ്ടതാണ്. അഹ്മദിമുസ്ലിംകൾ എന്റെ വാക്കുകൾ ശ്രദ്ധിക്കുമെന്ന് എനിക്ക് തികഞ്ഞ വിശ്വാസമുണ്ട്. ഇസ്ലാം ഏത് കാര്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് അവർ തദ്ദേശവാസികളോട് പറയുന്നതായിരിക്കും.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ലോകം ഇപ്പോൾ വലിയ അപകടകരമായ ഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കലഹവും കലാപവും കുഴപ്പവും ലോകത്ത് മിക്ക ഇടങ്ങളിലും വേര് പിടിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിനുള്ള ഒരേയൊരു പരിഹാരവും ചികിത്സയും ഒരു വലിയ ഗുണത്തിനുവേണ്ടി സ്വാർഥ താൽപര്യങ്ങളെ ഒരുഭാഗത്തേക്ക് മാറ്റിവെക്കുക എന്നതുമാത്രമാണ്. കയ്പേറിയ ഭിന്നതകൾ അകറ്റുന്നതിനുവേണ്ടി - ഇക്കാരണത്താൽ പല ജനതകളും നശീകരണത്തിന്റെ വേട്ടയായി കഴിഞ്ഞിരിക്കുന്നു- സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ആത്മാവ് സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. വർത്തമാനകാലത്തെ പ്രശ്നങ്ങൾ ചെറിയതോതിലല്ല ഉള്ളത്. എന്നല്ല പല രാജ്യങ്ങളും യുദ്ധത്തിന്റേയും അക്രമത്തിന്റേയും വലയിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. അങ്ങേയറ്റം വ്യസനകരമായ കാര്യം ഈ അക്രമത്തിന്റേയും വിഘടനവാദത്തിന്റേയും കേന്ദ്രം ചില മുസ്ലിം രാഷ്ട്രങ്ങളായിരിക്കുന്നുവെന്നതാണ്. അവരുടെ ഭരണകൂടങ്ങൾ തങ്ങളുടെ ജനതയുടെ അവകാശങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലമായി ചില അക്രമകാരികളായ രാജ്യദ്രോഹികളും ഭീകരവാദി ഗ്രൂപ്പുകളും കാണിച്ചിട്ടുള്ള പ്രതികരണം അവരുടെ തകർന്നടിഞ്ഞ സമൂഹത്തെ കൂടുതൽ തകർച്ചക്ക് വേട്ടയാക്കിയിരിക്കുന്നു. വർത്തമാനകാലത്ത് എല്ലാ ജനതയും എല്ലാ മതവും പരസ്പരം കൂടിച്ചേർന്നിരിക്കുകയാണ്. അവരുടെ നിലനിൽപ് പരസ്പര വിശ്വാസത്തിലാണ്. മുസ്ലിം രാഷ്ട്രങ്ങളിലെ വടംവലികൾ ആദ്യമേതന്നെ വളരെയധികം വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. അറേബ്യൻ രാഷ്ട്രങ്ങളിൽ ഉണ്ടാകുന്ന യുദ്ധങ്ങളുടേയും അക്രമങ്ങളുടേയും ദ്രോഹങ്ങളുടേയും ഫലമായി നമ്മൾ ഇവിടെ പാശ്ചാത്യദേശത്തും ഒരു വ്യാകുലതയുടേയും വിശ്വാസമില്ലായ്മയുടേയും പോലുള്ള അവസ്ഥയും പരസ്പരമുള്ള അഭിപ്രായഭിന്നതകളിൽ വർദ്ധനവുണ്ടായിട്ടുള്ളതുമായി കണ്ടുകൊണ്ടിരിക്കുന്നു. ചില ഭീകരവാദഗ്രൂപ്പുകൾ യൂറോപ്പിലും പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. അവരുടെ മെമ്പർ ഈ രാജ്യങ്ങളിലും വസിച്ചുകൊണ്ടിരിക്കുന്നു. ഈ ഭൂമുഖത്ത് സമാധാനത്തിനും ശാന്തിക്കും കഠിനമായ ഭീഷണിയാണുള്ളത്. ഇക്കൂട്ടർ എന്തൊന്നാണോ ചെയ്തുകൊണ്ടിരിക്കുന്നത് അത് ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ലാത്തതാണ്. അതുകൊണ്ട് സമാധാനം ആഗ്രഹിക്കുന്ന നമ്മളെല്ലാവരും ഈ ഇരുട്ടിന്റെ ശക്തികളെ നേരിടേണ്ടതാണ്. അവർ ഭിന്നിപ്പുണ്ടാക്കാൻ ആഗ്രഹിക്കുമ്പോൾ നമ്മൾ ഐക്യത്തോടു കൂടി നിലകൊള്ളണം. നമ്മൾ നമ്മുടെ തലമുറകളെ പരാജയത്തിലും അനൈക്യത്തിലും വേദനയിലും സങ്കടത്തിലും അകപ്പെട്ടു കിടക്കുന്ന ലോകത്തിന്റെ അനന്തരാവകാശികളാക്കി വിട്ടുംവെച്ച് പോകാൻ പാടില്ല. മറിച്ച് നമ്മൾ നമ്മുടെ പിന്നാലെ ഉന്നതമായ മാതൃക സ്ഥാപിച്ച് പോകുകയും വരുന്ന തലമുറക്ക് സമാധാനനിർഭരവും പ്രസന്നവുമായ ലോകം ഉപേക്ഷിച്ചുപോവുകയും ചെയ്യുമെന്നുള്ള ഉറപ്പ് നല്കേണ്ടിവരും. ഇത് കേവലം സാധ്യമാകുന്നത് മനുഷ്യകുലം തങ്ങളുടെ യഥാർഥ സ്രഷ്ടാവിനെ തിരിച്ചറിയുകയും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നവരായിത്തീരുകയും ചെയ്യുമ്പോഴാണ്. അല്ലാഹു നമുക്ക് അങ്ങനെ ചെയ്യാൻ കഴിവ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.' അവസാനം അമീറുൽ മുഅമിനീൻ പറഞ്ഞു: 'ഈ വാക്കുകളോടെ ഞാൻ ഒരിക്കൽകൂടി ഇതിൽ പങ്കെടുത്ത നിങ്ങൾക്കെല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയാണ്. അല്ലാഹു നിങ്ങളിൽ അവന്റെ കൃപ ചൊരിയുമാറാകട്ടെ.' അതിനുശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. ഹാജരായവരെല്ലാം തങ്ങളുടേതായ രീതിയിൽ ദുആയിൽ പങ്കെടുത്തു.

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin